
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജനുവരി 25 | ദീപം 56 | നാളം 45 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


## പ്രേഷിതവഴിയിൽ വിരിഞ്ഞ പ്രകാശപുഷ്പം



**കർദിനാൾ**
**മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
(കെ.സി.ബി.സി പ്രസിഡന്റ്)

ഷംഷാബാദ് രൂപതാധ്യക്ഷനെന്ന നിലയിൽ ഭാരതത്തിന്റെ വിശാലമായ പ്രേഷിതഭൂമിയിൽ ഇടയശുശ്രൂഷ നിർവഹിച്ച മാർ റാഫേൽ തട്ടിൽ സീറോ മലബാർ സഭയെന്ന മാർത്തോമ്മാപൈതൃകമുള്ള വലിയ സഭയുടെ വലിയ ഇടയശുശ്രൂഷ ഏറ്റെടുത്തിരിക്കുകയാണ്.

ഈ അപ്പസ്തോലികസഭയുടെ ശുശ്രൂഷാകാലഘട്ടത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ദൈവോന്മുഖതയിലും മനുഷ്യബന്ധത്തിലും ദിശാബോധത്തിലും സഭയെ നയിക്കുന്നതിന് അദ്ദേഹം സന്നദ്ധനും സമർപ്പിതനുമാണെന്നു തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലാണ് സീറോ മലബാർസഭയിലെ മെത്രാന്മാർ ഈ പരിശുദ്ധാത്മനിയോഗത്താൽ അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ചു പുതിയ ദൗത്യം ഭരമേല്പിച്ചത്.


മാർ റാഫേൽ തട്ടിൽ ഇതുവരെ നൽകിയിട്ടുള്ള പ്രേഷിതശുശ്രൂഷകൾക്കു പ്രത്യേകമാനവും പുതിയ ദിശാബോധവും കൈവരികയാണ്. സീറോ മലബാർസഭ ലോകത്തിന്റെ എല്ലാ ഭൂഖണ്ഡങ്ങളിലേക്കും വ്യാപിച്ചുകഴിഞ്ഞു. ഈ അപ്പസ്തോലികസഭയുടെ പ്രേഷിതചൈതന്യം സജീവസാക്ഷ്യമായി ലോകത്തിനു നൽകുകയെന്ന പ്രേഷിതധർമം അദ്ദേഹത്തെ കാത്തിരിക്കുകയാണ്. ഇതുവരെയും ഈ സഭ നൽകിയിട്ടുള്ള പ്രേഷിതചൈതന്യത്തിന്റെ മിഴിവാർന്ന സാക്ഷ്യവും അടയാളങ്ങളും ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലും ഇന്നു പ്രകടമാണ്. ഈ ശുശ്രൂഷയ്ക്കു കൂടുതൽ കരുത്തേകുന്നതിന് പുതിയ മേജർ ആർച്ചുബിഷപ്പിനു സാധിക്കും.

സഭയിൽ സംഭാഷണങ്ങളും സമ്പർക്കങ്ങളും സമൃദ്ധമാകുമ്പോൾ വിസ്മയങ്ങളുണ്ടാകും. സ്വതഃസിദ്ധമായ പുഞ്ചിരിയിലൂടെയും ഹൃദയവിശാലതയിലൂടെയും മാർ റാഫേൽ തട്ടിലിനു സഭയെ ധീരമായി നയിക്കാനാവും. ഹൃദയത്തിൽ എല്ലാവർക്കും ഇടംകൊടുക്കുന്ന ആളാണ് അദ്ദേഹം.

സീറോ മലബാർ സഭയുടെ തനിമയും പൈതൃകവും വലിയ സാധ്യതകളും എല്ലാവരെയും ചേർത്തുനിർത്തുന്ന സഭാധ്യക്ഷന്റെ ശുശ്രൂഷയും ഭദ്രമായിരിക്കും. സാർവത്രിക സഭയ്ക്കു കൂടുതൽ മിഷനറിമാരെ നൽകിയ സഭയാണിത്. സഭയുടെ പ്രേഷിതശുശ്രൂഷകൾക്കു പുതിയ നേതൃത്വം കൂടുതൽ ഉണർവാകും. ■




## സഭയൊന്നാകെ വലിയ ഇടയനൊപ്പം



**ആർച്ചുബിഷപ്**
**മാർ ആൻഡ്രൂസ് താഴത്ത്**
(സി.ബി.സി.ഐ. പ്രസിഡന്റ്)

സീറോ മലബാർ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി മാർ റാഫേൽ തട്ടിൽ തിരഞ്ഞെടുക്കപ്പെട്ടത് ഭാരതക്രൈസ്തവസഭയെ സംബന്ധിച്ചു വലിയ സന്തോഷത്തിന്റെ മുഹൂർത്തമാണ്. ഈ തിരഞ്ഞെടുപ്പ് കേരള സഭയ്ക്ക്, പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്ക്, വളരെ പ്രത്യേകിച്ച് തൃശൂർ അതിരൂപതയ്ക്ക് വലിയ അഭിമാനത്തിന്റെ അവസരമാണ്. തൃശൂർ അതിരൂപതയുടെ ഒരു പുത്രൻ, ബസിലിക്ക ഇടവകക്കാരൻ സഭയുടെ അമരത്തേക്ക് ഉയർത്തപ്പെട്ടിരിക്കുകയാണ്. തൃശൂർ അതിരൂപതയിൽ വിവിധ തസ്തികകളിൽ, പ്രത്യേകിച്ച് വികാരി ജനറാളായും സഹായമെത്രാനായും, പിന്നീട് ഷംഷാബാദ് രൂപതയുടെ മെത്രാനായും വലിയ സേവനം ചെയ്ത തട്ടിൽ പിതാവ് വലിയൊരു മിഷനറിയാണ്, നല്ലൊരു സംഘാടകനാണ്, എല്ലാറ്റിനുമുപരി മികച്ച ധ്യാനഗുരുവും പ്രഭാഷകനുമാണ്.

തട്ടിൽപിതാവിന്റെ പുതിയ സ്ഥാനലബ്ധിയിൽ സന്തോഷിക്കുന്നതോടൊപ്പം വളരെ പ്രയാസകരമായ ഈ പദവിയിൽ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ഏറ്റവും നന്നായി പ്രവർത്തിക്കാൻ ദൈവം അനുഗ്രഹിക്കട്ടേയെന്നു പ്രാർഥിക്കുന്നു.

മേജർ ആർച്ചുബിഷപ്പിനൊപ്പം സഭയൊന്നാകെ ചേർന്നുനില്ക്കും. സഭയുടെ കൂട്ടായ്മയിൽ ചേർന്നുനില്ക്കുമ്പോഴാണ് സഭയ്ക്കു വളർച്ചയുണ്ടാകുന്നത്. സഭയുടെ അടിസ്ഥാനവും അടിത്തറയുമായ ക്രിസ്തുവിനോടും സഭയോടും എല്ലായ്പ്പോഴും ചേർന്നു നില്ക്കാൻ നമുക്കാവണം.

■

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ



Very Rev. Fr. Vicar, Asst. Vicars & Parishioners

**ST. THOMAS CATHEDRAL, PALA**

- **SANTHOME COMMERCIAL COMPLEX**
KOTTARAMATTOM, PALA
- **ST. THOMAS MALL**
Near St. Thomas press, PALA

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

Director

**ALPHONSIAN PASTORAL INSTITUTE**
EPARCHY OF PALAI
Arunapuram

Email: alphonsianpst@gmail.com
PH: 8590793411

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

MOTHER SUPERIOR & COMMUNITY

**SISTERS OF THE DESTITUTE (S.D.)**
( അഗതികളുടെ സഹോദരിമാർ )



ധന്യൻ
പയ്യമ്പിള്ളി വർഗ്ഗീസച്ചൻ
(1876–1929) സ്ഥാപകൻ

- PALA (St. Vincent Providence House) Phone: 04822-213055
- MEVADA (Emmanuel Home) Phone: 9539836652
- PALAKKATTUMALA Phone: 9037178878
- THODANAL Phone: 04822-267202
- KAVUMKANDOM Phone: 04822-248694

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

**ക്രിസ്തുരാജ്**
സ്കൂൾ ഓഫ്
സൈക്കോ സ്പിരിച്ചൽ കൗൺസെലിംഗ്
*Run by Adoration Sisters*
ചെത്തിമറ്റം – പാലാ
Ph: 9747497367, 9496115252

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

Mother Superior & Sisters

**ക്രിസ്തുജ്യോതി ധ്യാനകേന്ദ്രം (C.J.R.C.)**
ചെത്തിമറ്റം–പാലാ Mob: 9447826696

ക്രിസ്തുജ്യോതിയിലെത്താൻ പാലാ-ഈരാറ്റുപേട്ട റോഡിൽ മുന്നാനി കോടതി സ്റ്റോപ്പിന്റെ എതിർവശത്ത് ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിന്റെ ബോർഡ് കാണാവുന്നതാണ്. പാലായിൽ നിന്ന് ഒന്നര കിലോമീറ്റർ

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

Delegate Superior & Sisters

**LITTLE APOSTLES OF REDEMPTION (L.A.R.)**
ST. JOSEPH'S DELEGATION
MANNACKANAD - PALA
PH: 04822-251086



അനിൽ ജെ. തയ്യിൽ

# നൂറു ദിനവും കടന്ന് ദുരിതപർവം

യുദ്ധം!

ചില സാഹചര്യങ്ങളിൽ അത് അനിവാര്യതയാണെന്നു നമുക്കു വിശേഷിപ്പിക്കാമെങ്കിലും അതു ബാക്കിയാക്കുന്ന ദുരന്തങ്ങൾക്കു ന്യായീകരണമില്ലതന്നെ. ഇരുവശങ്ങളിലും നിൽക്കുന്നവർക്കു കാരണങ്ങളും ന്യായീകരണങ്ങളും എത്രയൊക്കെയുണ്ടെന്നുവരികിലും നിരപരാധികളുടെ ജീവനും ജീവിതവും സ്വപ്നങ്ങളും പ്രതീക്ഷകളും കുരുന്നു ബാല്യങ്ങളും ഒക്കെത്തന്നെയാണു ബലികൊടുക്കേണ്ടി വരുന്നത്. ഒപ്പം, പ്രകൃതിയുടെ സന്തുലിതാവസ്ഥകൂടി തകിടംമറിയുകയാണ്.



2023 ഒക്ടോബർ 7 ന് ഇസ്രയേലിൽ നടന്ന ഹമാസ് ഭീകരാക്രമണത്തെത്തുടർന്ന് ആരംഭിച്ച യുദ്ധം നൂറു ദിനങ്ങൾ പിന്നിടുമ്പോഴും യുദ്ധവിരാമത്തിന്റെ നേർത്തൊരു പ്രകാശരേഖ പോലും ഇരുളാഴങ്ങളിൽ തെളിയുന്നില്ല എന്നതുതന്നെയാണ് നമ്മെ ആശങ്കാകുലരാക്കുന്നത്. 'യുദ്ധം തുടങ്ങിവച്ചത് ഞങ്ങളല്ല, എന്നാൽ, അവസാനിപ്പിക്കുന്നത് ഞങ്ങൾതന്നെയാവും, പശ്ചിമേഷ്യയെ ഞങ്ങൾ മാറ്റിമറിക്കുകതന്നെ ചെയ്യും' എന്ന ബെന്യാമിൻ നെതന്യാഹുവിന്റെ ഉറച്ച സ്വരവും, ഇസ്രയേലിന്റെ മുൻചരിത്രവും ലോകത്തെ ഒട്ടൊന്നുമല്ല അസ്വസ്ഥമാക്കുന്നത്.

**ദുരന്താവസ്ഥ**

ഗാസയിലെ മരണസംഖ്യ പതിനായിരം ഹമാസ് ഭീകരർ അടക്കം ഇരുപത്തിനാലായിരത്തിനു മുകളിൽ. ഇതിൽ പിഞ്ചുകുഞ്ഞുങ്ങളും പെടുന്നു. പരിക്കേറ്റവർ എഴുപതിനായിരത്തിലധികം. ഭവനരഹിതരായവർ പത്തു ലക്ഷം. കൊല്ലപ്പെട്ട ഇസ്രയേൽസൈനികർ 522. ഭീകരർ സ്ത്രീകളെയും കുട്ടികളെയും മറയാക്കി പള്ളികളും ആശുപത്രികളും സ്കൂളുകളും ഒളിവിടങ്ങളാക്കിയതാണ് നിരപരാധികളുടെ മരണസംഖ്യ ഉയർത്തിയത്.

**ഗാസ ഇപ്പോൾ**

വടക്കൻ ഗാസയും തെക്കൻ ഗാസയും പൂർണമായിത്തന്നെ കീഴ്പ്പെടുത്തിയ ഇസ്രയേൽ സൈന്യം മധ്യ-തെക്കൻ ഗാസയിൽ ആക്രമണം കടുപ്പിച്ചിരിക്കുകയാണ്. ഹമാസിന്റെ രണ്ടു ബ്രിഗേഡിയർ കമാൻഡർമാരും പത്തൊമ്പതു ബറ്റാലിയൻ കമാൻഡർമാരും കൊല്ലപ്പെട്ടു. ഗാസയിൽ ഇതേവരെ മുപ്പതിനായിരം ഇടങ്ങളിൽ ഇസ്രയേൽ വ്യോമാക്രമണം നടത്തി. എന്നാൽ, ഒക്ടോബർ ഏഴിനു നടത്തിയ ഭീകരാക്രമണത്തിനുശേഷം ഹമാസ് നടത്തിയ പതിനൊന്നായിരം മിസൈൽ ആക്രമണങ്ങളിൽ ഒന്നുപോലും ലക്ഷ്യം കണ്ടില്ല.

തുടർച്ചയായ ബോംബ്വർഷത്തിനൊപ്പം കുന്നുകൂടിയ ജഡങ്ങളിൽനിന്നുള്ള അസഹ്യമായ ദുർഗന്ധവും പകർച്ചവ്യാധികളും പട്ടിണിയും ഗാസയെ നരകമാക്കിയിരിക്കുന്നു. ഭൂരിഭാഗം സന്നദ്ധസംഘടനകളും ഗാസ വിട്ടൊഴിഞ്ഞുകഴിഞ്ഞു. ഫലത്തിൽ ഇവിടം വാസയോഗ്യമല്ലാത്ത ഒരിടമായിക്കഴിഞ്ഞു എന്നു നിരീക്ഷകർ പറയുന്നു.

**ഭീകരത ഇപ്പോൾ**

ആധുനികകാലത്തിന്റെ മാറ്റങ്ങൾ കൈനീട്ടി വാങ്ങിയ അറബ് രാജ്യങ്ങൾ കാലങ്ങൾകൊണ്ടു തങ്ങൾ പടുത്തുയർത്തിയ സാമ്പത്തിക-സമാധാന-സാമൂഹികമേഖലകൾ തകരാൻ ആഗ്രഹിക്കാത്തതിനാൽ ഇപ്പോഴും പലസ്തീനു നേർക്കു വാതിൽ കൊട്ടിയടച്ചിരിക്കുന്നു. വൻ അറബ് സാമ്പത്തികശക്തിയായ സൗദി അറേബ്യയിൽ വേൾഡ് റെസ്‌ലിംഗ് ചാമ്പ്യൻഷിപ്പടക്കം നിരവധി കായികമാമാങ്കങ്ങൾ ഈ വേളയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നു എന്നതിൽനിന്നുതന്നെ അവരുടെ നിസംഗത മനസ്സിലാക്കാം. യുദ്ധാരംഭദിനങ്ങളിൽ ഇസ്രയേൽ ലക്ഷ്യമാക്കി നൂറുകണക്കിനു റോക്കറ്റുകൾ വർഷിച്ചിരുന്ന ഹമാസ് ഒരു മാസത്തിനിടയിൽ ഒറ്റ റോക്കറ്റ് ആക്രമണം പോലും നടത്തിയിട്ടില്ല എന്നതിൽനിന്നും അവരുടെ ആയുധശൃംഖല തകർക്കപ്പെട്ടു എന്നു വ്യക്തം. ഭൂഗർഭതുരങ്കങ്ങളിലെ ആയുധസംഭരണശാലകളും ഒളിയിടങ്ങളും തകർക്കപ്പെട്ടുകഴിഞ്ഞു.

ലെബനനിൽ ഹിസ്ബുള്ള കാണിച്ച ആക്രമണോത്സുകതയ്ക്കു മറുപടി എന്നവണ്ണം 750 നുമേൽ ലെബനീസ് ഹിസ്ബുള്ള കേന്ദ്രങ്ങളാണ് ഇസ്രയേൽ ആക്രമണത്തിനു വിധേയമായത്. ലെബനോൻ അതിർത്തിയിൽനിന്ന് അവർക്ക് ഇരുപതു കിലോമീറ്റർ പിൻവലിയേണ്ടിയും വന്നു.

ചെങ്കടൽ കപ്പലുകളുടെ ശവപ്പറമ്പാക്കാൻ കച്ചകെട്ടിയ ഹൂതികൾക്കാകട്ടെ, 'പ്രോസ്പെരറ്റി ഗാർഡിയൻ' സഖ്യം നടത്തിയ കനത്ത രണ്ട് ആക്രമണത്തോടെ അല്പം ഒതുക്കമായിട്ടുണ്ട്.

**ഇറാന്റെ കൈപ്പിഴ**

ആധുനികആയുധങ്ങൾ നൽകി ചെങ്കടൽ ആക്രമണബുദ്ധി ഹൂതികൾക്ക് ഉപദേശിച്ചുകൊടുത്ത ഇറാനാകട്ടെ, അവരുദ്ദേശിച്ച വർഗീയമുഖം ലഭ്യമായില്ല എന്നുമാത്രമല്ല, ചെങ്കടലിലെ ആധിപത്യത്തിനു കണ്ണുനട്ടിരിക്കുന്ന ഇറാന്റെ ലക്ഷ്യം വ്യക്തമായി അറിയാവുന്ന മറ്റു രാജ്യങ്ങൾ നിസംഗത പാലിക്കുകയും ചെയ്തത് കണക്കുകൂട്ടലുകൾ തെറ്റിച്ചുകളഞ്ഞു. ഹൂതികളുടെ കപ്പലാക്രമണത്തെ ഗാസ യുദ്ധവുമായി കൂട്ടിയിണക്കേണ്ടതില്ല എന്നും അന്താരാഷ്ട്രസ്വതന്ത്രവ്യാപാരത്തെ ബാധിക്കുന്ന കാര്യമായിമാത്രം പരിഗണിച്ചാൽ മതിയെന്നുമുള്ള ലോകരാജ്യങ്ങളുടെ നയം അവർക്കു തിരിച്ചടിയായി. അതേസമയം, അമേരിക്കയെയും ബ്രിട്ടനെയും ചെങ്കടലിൽ നേർയുദ്ധത്തിനിറങ്ങാൻ നിർബന്ധിതരാക്കി എന്നത് ഇസ്രയേലിന്റെ നേട്ടമായി.

ഇറാനിൽ ഹിജാബ് വിവാദമടക്കം പ്രാകൃത ഇസ്ലാമികതയ്ക്കെതിരേ അനേക ജീവനുകൾ ബലികഴിച്ചു നടത്തുന്ന ആഭ്യന്തരകലാപങ്ങൾ ഇറാൻ ജനതയുടെ പിന്തുണ അമേരിക്കയ്ക്കും ഇസ്രയേലിനും ലഭ്യമാക്കാൻ ഇടയാക്കിയിട്ടുണ്ട്. ഇറാനിലെ ഏറ്റവും സുരക്ഷിതമേഖലയിൽ നൂറിലേറെപ്പേരുടെ മരണത്തിനിടയാക്കിയ വൻ ബോംബുസ്ഫോടനവും ഇറാനെതിരേയുള്ള താക്കീതായി നിരീക്ഷകർ കാണുന്നു.

**മുഖം മിനുക്കാൻ ജോ ബൈഡൻ**

അമേരിക്കയിൽ തിരഞ്ഞെടുപ്പിനു കളമൊരുങ്ങിയതോടെ പ്രസിഡന്റ് ബൈഡന് ഇതൊരു മുഖംമിനുക്കൽവേളകൂടിയാണ്. ജനപ്രീതിയിൽ ഡൊണാൾഡ് ട്രംപിനെക്കാൾ ഏറെ പിന്നിലാണ് ജോ ബൈഡൻ ഇപ്പോൾ. അതുകൊണ്ടുതന്നെയാണ് ഹൂതികൾ വിക്ഷേപിക്കുന്ന ആയുധങ്ങൾ തകർക്കുക എന്ന പ്രതിരോധതന്ത്രത്തിൽനിന്നു മാറി ലോക പോലീസ് എന്ന തലത്തിലേക്ക് ഉയർന്നുകൊണ്ട് ഹൂതിക്യാമ്പുകൾക്കുനേർക്ക് അവർ ആക്രമണം കടുപ്പിച്ചത്.

**ലോകസമ്പദ്ക്രമം**

ചെങ്കടൽ ആക്രമണങ്ങളെത്തുടർന്ന് കപ്പൽഗതാഗതത്തിൽ സംഭവിച്ച വ്യതിയാനം ലോകത്തെ സൂപ്പർ മാർക്കറ്റുകളിൽ പല പ്രമുഖ കമ്പനികളുടെയും റാക്ക് കാലിയാക്കിത്തുടങ്ങി. ചരക്കുനീക്കത്തിന്റെ ചെലവുവർധന സ്വാഭാവികമായും വിലക്കയറ്റത്തിനു വഴിതെളിച്ചു. പ്രമുഖ കാർകമ്പനിയായ ടെസ്‌ല ഒരു ഫാക്ടറിയുടെ പ്രവർത്തനം തന്നെ നിർത്തിവച്ചു. ചരക്കുനീക്കം വേഗത്തിലാക്കാൻ പല കമ്പനികളും വ്യോമമേഖലയെ ആശ്രയിച്ചതും വിലവർധനയ്ക്കു കാരണമായി. ഇതൊക്കെ അമേരിക്കയെയോ ബ്രിട്ടനെയോമാത്രമല്ല, ലോകസാമ്പത്തികക്രമത്തെത്തന്നെ ഉലയ്ക്കുന്ന കാര്യമാണ്.



**ചൈനയുടെ ഇടപെടൽ**

അന്താരാഷ്ട്രനീതിന്യായക്കോടതിയിൽ ദക്ഷിണാഫ്രിക്ക ഫയൽ ചെയ്ത കേസും, ഐക്യരാഷ്ട്രസഭയിൽ തുടരെ ആവർത്തിക്കുന്ന വെടിനിർത്തൽ പ്രമേയങ്ങളും അവഗണിച്ച് തങ്ങളുടെ പ്രഖ്യാപിതലക്ഷ്യത്തിലേക്ക് ഇസ്രയേൽ ഇരച്ചുകയറുമ്പോൾ ചൈനയുടെ നേതൃത്വത്തിൽ ഒരു സമാധാനചർച്ചയ്ക്കു ശ്രമം നടക്കുന്നു. ദ്വിരാഷ്ട്രസിദ്ധാന്തം 1967 ലെ അതിർത്തികൾ മാനിച്ചുകൊണ്ടു നടപ്പിലാക്കുകയും ഈസ്റ്റ് ജറുസലെം തലസ്ഥാനമാക്കി പലസ്തീനു സ്വാതന്ത്ര്യം നൽകുകയും ചെയ്യുക എന്നതാണു പ്രമേയം.

ഇന്ത്യയടക്കം ഇസ്രയേലിനെ പിന്തുണയ്ക്കുന്ന മറ്റു രാജ്യങ്ങളും ഇതിനെ അനുകൂലിക്കുന്നു. എന്നാൽ, ഇസ്രയേൽ അത്ര അനുകൂലനിലപാടല്ല. അറബ് രാജ്യങ്ങളൊന്നാകെ ചുറ്റിവളഞ്ഞ് ആക്രമിച്ച, ലോകരാജ്യങ്ങൾ ഉപരോധങ്ങളാൽ വീർപ്പുമുട്ടിച്ച ഒരു കൊടിയ വറുതിക്കാലത്തിൽനിന്ന് വൻ സാമ്പത്തിക-സാങ്കേതിക സൈനികശക്തിയിലേക്കുള്ള വളർച്ചയുടെ വഴികൾ അവരെ ഭയരഹിതരാക്കി. കൂടാതെ, ജനപ്രീതിയിൽ ഇടിവു നേരിടുന്ന നെതന്യാഹുവിന് ഇതു രാഷ്ട്രീയനിലനില്പിന്റെ പോരാട്ടമാണ്.

ആധുനികലോകക്രമവും പ്രാകൃതജീവിതക്രമവും തമ്മിലുള്ള പോരാട്ടമാണ് ഫലത്തിൽ നടക്കുന്നത് എന്നു വിശേഷിപ്പിക്കപ്പെടുന്നു. ഹമാസ് - ഹൂതികൾപോലുള്ള ഭീകരതയെ തച്ചുതകർക്കുക എന്നതുമാത്രമാണ് പരിഹാരം എന്നിരിക്കലും ദാരുണമായി മരിച്ചുവീഴുന്ന നിഷ്കളങ്കമുഖങ്ങൾ എപ്പോഴും ഉള്ളുലയ്ക്കുന്നതുതന്നെ. ഒരു തുറന്ന യുദ്ധമാകുമ്പോൾ പക്ഷേ, കൊടുക്കേണ്ട വിലയും അതുതന്നെ.

അമേരിക്കയും ബ്രിട്ടനും പരസ്യമായി രംഗത്തുവന്നതോടെ അവരും യുദ്ധത്തിൽ പങ്കാളികളായേക്കാം എന്ന തോന്നൽ ഉളവായിട്ടുണ്ട്. ഇതു യുദ്ധത്തെ ഒരു വലിയ കാൻവാസിലേക്കു പകർത്താനുള്ള സാധ്യതകൾ പ്രവചനാതീതമായി ചൂണ്ടിക്കുന്നു.

■

# ജനാധിപത്യത്തിന്റെ മരണമണിക്കെതിരേ എഴുത്തുകാർ



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

**ലോ**കമെമ്പാടുമുള്ള രാജ്യസ്നേഹികൾ ജനാധിപത്യത്തിന്റെ കാഹളം മുഴക്കിയിട്ടുള്ളവരാണ്. എന്നാൽ, ഇന്നത്തെ നേതാക്കന്മാരിൽ ജനാധിപത്യത്തിന്റെ മരണമണി അടിക്കുന്നവരാണ്. അത്തരക്കാരെയും അവർക്കുവേണ്ടി കുഴലൂതുന്നവരെയും ജനം തിരിച്ചറിയണം. സമ്മതിദാനാവകാശമാണ് അത്തരക്കാരെ പ്രതിരോധിക്കാനുള്ള ഏക മാർഗം. ജനാധിപത്യം ശ്വാസംമുട്ടുന്നതുകണ്ട് സഹികെട്ട സാംസ്കാരികനായകന്മാർതന്നെ ജനാധിപത്യസംരക്ഷണത്തിന്റെ കാവലാളുകളായി രംഗത്തുവന്നിരിക്കുന്നതു പ്രതീക്ഷ നൽകുന്ന കാര്യമാണ്. എഴുത്തിന്റെ കരുത്തായി കരുതപ്പെടുന്നത് സ്വതന്ത്രചിന്തയും നിർഭയത്വവുമാണ്. എന്നാൽ, നിർഭാഗ്യവശാൽ എഴുത്തുകാർ പോലും അധികാരിവർഗത്തിന്റെ സ്തുതിപാഠകരായി മാറിപ്പോയിരുന്നു. അതിനിടയിലാണ് തലപ്പൊക്കമുള്ള ഒന്നുരണ്ട് എഴുത്തുകാർ ശക്തമായി പ്രതികരിച്ചത്. അതു ശബ്ദമില്ലാത്തവരുടെ ശബ്ദവും ജനങ്ങളുടെ ശബ്ദവുമായി വ്യാഖ്യാനിക്കപ്പെട്ടതിനാലത്രേ അധികാരകേന്ദ്രങ്ങൾക്ക് ഉറക്കം നഷ്ടപ്പെട്ടത്.

ഇന്ത്യൻ ജനാധിപത്യം താരതമ്യേന ശൈശവാവസ്ഥയിലാണ്. വെറും 77 വർഷത്തെ പാരമ്പര്യമേ ഇന്ത്യൻ ജനാധിപത്യഭരണക്രമത്തിനുള്ളൂ. എന്നാൽ, ബ്രിട്ടണിലെയും അമേരിക്കൻ ഐക്യനാടുകളിലെയും ജനാധിപത്യസംവിധാനങ്ങൾക്കു രണ്ടേകാൽ നൂറ്റാണ്ടിലധികം പഴക്കമുണ്ട്. പല ഭരണക്രമങ്ങളും പരീക്ഷിച്ചിട്ടുണ്ടെങ്കിലും പൊതുസ്വീകാര്യത നേടാനായത് ജനാധിപത്യഭരണരീതിക്കാണ്. ജനാധിപത്യത്തിന്റെ ഏറ്റവും ആധികാരികവും കാതലായതുമായ നിർവചനം നൽകിയത് അമേരിക്കൻ ഐക്യനാടുകളുടെ പതിനാറാമത്തെ പ്രസിഡന്റായിരുന്ന എബ്രാഹം ലിങ്കണാണ്. 1861 മുതൽ 1865 വരെ പ്രസിഡന്റായിരുന്ന ലിങ്കൺ 1863 നവംബർ 19-ാം തീയതി അമേരിക്കൻ ആഭ്യന്തരയുദ്ധകാലത്ത് രാജ്യത്തിനുവേണ്ടി വീരമൃത്യു വരിച്ച യോദ്ധാക്കളുടെ സ്മരണാർഥം പെനിസിൽവാനിയായിലെ ഗറ്റിസ്ബർഗ് ശ്മശാനത്തിൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിലാണ് ഇന്ന് എല്ലാവരും ആഘോഷിക്കുന്ന ജനാധിപത്യത്തിന്റെ നിർവചനം ലോകം ആദ്യമായി ശ്രവിച്ചത്. അദ്ദേഹം പറഞ്ഞു: ജനാധിപത്യം ജനങ്ങളിൽനിന്ന് ഉദ്ഭവിക്കുന്ന അധികാരമാണ് (ഓഫ് ദ പീപ്പിൾ). ജനങ്ങൾ ഉപയോഗിക്കുന്ന അധികാരമാണ് (ബൈ ദ പീപ്പിൾ). ജനങ്ങൾക്കുവേണ്ടിയുള്ള അധികാരമാണ് (ഫോർ ദ പീപ്പിൾ). എന്നാൽ ഇന്ന് 'ഓഫും' ബൈയും 'ഫോറും' പോയി; 'പീപ്പിളും' പോയി. ബാക്കിനിക്കുന്നത് അധികാരംമാത്രമാണ്. അതിന്റെ അവകാശികളും മാറി. അതിനു പല ഉടമകളില്ല. ഒരേയൊരുടമ - സിംഹാസനത്തിലിരിക്കുന്നവൻ മാത്രം.

ജനാധിപത്യത്തിന്റെ ഉരകല്ലായി കരുതപ്പെടുന്ന തിരഞ്ഞെടുപ്പിലൂടെ സിംഹാസനത്തിലെത്തി ജനഹിതം മറന്നു പ്രവർത്തിക്കുന്ന കിരീടധാരികൾക്കെതിരേയാണ് എഴുത്തുകാർ പടവാളിനെക്കാൾ മൂർച്ചയുള്ള പേനയുമായി രംഗത്തുവന്നത്. കോഴിക്കോട്ടു നടന്ന ലിറ്ററേച്ചർ ഫെസ്റ്റിവലിൽ നവതി പിന്നിട്ട എം.ടി. വാസുദേവൻ നായരാണ് ജനാധിപത്യത്തെ ഏകാധിപത്യവും സ്വേച്ഛാധിപത്യവുമാക്കി അധഃപതിപ്പിക്കുന്നതിനെതിരേ ശബ്ദിച്ചത്. എം.ടി. പ്രസംഗം എഴുതിവായിക്കുകയായിരുന്നു. മുഖ്യമന്ത്രി സന്നിഹിതനായ സദസ്സിലായിരുന്നു പ്രസംഗം. എം.ടിയായതുകൊണ്ട് മൈക്ക് ഓഫ് ചെയ്തില്ലെന്ന് ആശ്വസിക്കാം. 90 പിന്നിട്ട എം.ടി.ക്കു വായിച്ച കടലാസ് മാറിപ്പോയെന്നു ധ്വനി വരത്തക്കവിധത്തിലുള്ള വിശദീകരണം ഇടതന്മാരുടെ ഭാഗത്തുനിന്നുണ്ടായി. ശരിയായ വ്യാഖ്യാനം നൽകാനുള്ള ഉത്തരവാദിത്വം പാർട്ടി സെക്രട്ടറിക്കായതുകൊണ്ട് അദ്ദേഹം രാഷ്ട്രീയപ്രതിരോധം തീർത്തു. എം.ടി. ഉദ്ദേശിച്ചത് പ്രധാനമന്ത്രിയെയാണ്, മുഖ്യമന്ത്രിയെയല്ല. രണ്ടു ദിനങ്ങൾക്കുശേഷം എഴുത്തുകാരൻ കുറെക്കൂടി വ്യക്തതയുള്ള ഭാഷയിൽ പറഞ്ഞു. ഇതു കിരീടങ്ങൾ വാഴുന്ന കാലമാണ്. സിംഹാസനങ്ങൾ ഒഴിയുക. ജനങ്ങൾ വരുന്നുണ്ട്. മുകുന്ദൻകൂടി രംഗത്തുവന്നതോടെ സംസ്ഥാന സെക്രട്ടറി നിലപാടുമാറ്റി. തങ്ങൾ പരിശോധിക്കും. തെറ്റുണ്ടെങ്കിൽ തിരുത്തും. പ്രതിപക്ഷത്തിന്റെ ആരോപണങ്ങളെ രാഷ്ട്രീയമായി എതിർത്തുതോല്പിക്കാം. എന്നാൽ, എഴുത്തുകാരും സാംസ്കാരികനായകന്മാരും വിമർശനമുന്നയിച്ചാൽ പാർട്ടിയുടെ അടിത്തറ ഇളകുമെന്നുള്ള വിലയിരുത്തലാണ് കടുത്ത നിലപാടിൽനിന്നു പിന്മാറാൻ കാരണം.

സി.പി.ഐയുടെ പുതിയ സെക്രട്ടറി ബിനോയി വിശ്വം സാഹിത്യനായകരുടെ വിമർശനങ്ങളിൽ കഴമ്പുണ്ടെങ്കിൽ തിരുത്തലിനു തയ്യാറാകണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഇടതുപക്ഷപ്രസ്ഥാനങ്ങൾ ആഗോളവത്കരണത്തിനും സ്വകാര്യവത്കരണത്തിനും കമ്പോളവത്കരണത്തിനും കീഴടങ്ങിയപ്പോൾ ചെറുത്തുനില്പിന്റെ നേർത്ത ശബ്ദമെങ്കിലും ഉയർന്നത് സി.പി.ഐ.യുടെ പക്ഷത്തുനിന്നാണ്.

ജനശബ്ദത്തെ പ്രതിപക്ഷശബ്ദമായി എല്ലാ രാഷ്ട്രീയപ്പാർട്ടികളും അംഗീകരിക്കണം. സുമനസ്സുകൾക്ക് ഒരു താത്പര്യംമാത്രം - ജനാധിപത്യത്തിന്റെ വിജയം. ജനക്ഷേമഭരണം. ■

# മസ്തിഷ്കാഘാതം വില്ലനാകരുത്



ഡോ. ജോസി. ജെ. വള്ളിപ്പാലം

കരുതാം ആരോഗ്യം

**സ്ത്രീ**കളെയും പുരുഷന്മാരെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് മസ്തിഷ്കാഘാതം. ജീവിതശൈലീരോഗങ്ങൾ, ശരീരത്തിനാവശ്യമായ വ്യായാമമില്ലായ്മ, അമിതവണ്ണം, പുകവലി, മദ്യപാനം, ജനിതകമായ കാരണങ്ങൾ എന്നിവയെല്ലാം മസ്തിഷ്കാഘാതത്തിനു കാരണങ്ങളാണ്. മസ്തിഷ്കാഘാതം മൂലമുണ്ടാകുന്ന ശാരീരികവൈകല്യങ്ങൾ ചിലതു താത്കാലികവും ചിലതു ജീവിതകാലം മുഴുവനും നിലനിൽക്കുന്നതുമായതിനാൽ എത്രയും വേഗത്തിൽ രോഗിക്കു ചികിത്സ നൽകണം. മസ്തിഷ്കാഘാതം ഉണ്ടായശേഷമുള്ള ആദ്യമണിക്കൂറുകൾ നിർണായകമായതിനാലാണ് രോഗിയെ ഉടൻ ചികിത്സയ്ക്ക് എത്തിക്കണമെന്നു പറയുന്നത്.

ശ്രദ്ധിക്കുക.


**BE FAST**

B. Balance - നടക്കുമ്പോൾ വേച്ചുപോകുന്നതുപോലെ തോന്നുക. കൈകാലുകൾക്കു ബലക്ഷയം ഉണ്ടാകുകയോ സ്പർശനശേഷി നഷ്ടപ്പെടുകയോ ചെയ്യുക. അതായത്, ശരീരത്തിന്റെ സന്തുലനവും ഏകോപനവും നഷ്ടപ്പെടുന്ന അവസ്ഥ.

E. Eyes - കാഴ്ചയ്ക്കു മങ്ങൽ തോന്നുകയോ രണ്ടായി കാണുകയോ ചെയ്യുക. കണ്ണുകൾ ചലിക്കാൻ ബുദ്ധിമുട്ടുണ്ടാകുക.

F. Face - ചിരിക്കുമ്പോൾ മുഖം ഒരു വശത്തേക്കു കോടിപ്പോകുക

A. Arm - ശരീരത്തിന്റെ



ഒരു വശത്തുണ്ടാകുന്ന തളർച്ച, കൈകാലുകൾ ഉയർത്തിപ്പിടിക്കാനും, പിടിമുറുക്കാനും സാധിക്കാതെ വരിക.

S. Speech സംസാരിക്കാൻ സാധിക്കാതെയും, സംസാരിക്കുന്നതു മനസ്സിലാക്കാൻ സാധിക്കാതെയും വരിക.

T. Time to call - മുകളിൽ പറഞ്ഞിരിക്കുന്ന ലക്ഷണങ്ങൾ കണ്ടാൽ രോഗിയെ ഒട്ടും താമസംകൂടാതെ ആശുപത്രിയിൽ എത്തിക്കേണ്ടതാണ്.

*(ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോളജിസ്റ്റ് കൺസൾട്ടന്റാണ്.)*



*തിരുവനന്തപുരം വിവേകാനന്ദ സാംസ്കാരികകേന്ദ്രത്തിലെ വിവേകാനന്ദ രംഗകലോൽസവവേദിയിൽവച്ച് ഡോ. തോമസ് മൂലയിൽ കേരള സർവകലാശാലയിലെ പൗരസ്ത്യ പഠനഫാക്കൽറ്റി ഡീൻ ഡോ. പ്രൊഫ. എ.എം. ഉണ്ണിക്കൃഷ്ണനിൽനിന്ന് ആദ്യത്തെ അക്ഷരഫലകപുരസ്കാരം സ്വീകരിക്കുന്നു. ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ, പി. അശോക് കുമാർ, ഗോപകുമാർ അമ്പലപ്പുഴ, ഡി.എസ്.എൻ. അയ്യർ എന്നിവർ സമീപം.*

# ഹുണ്ടിക

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

**പ**രകീയപദങ്ങളെ നേരിട്ടും രൂപം മാറ്റിയും സ്വീകരിക്കുന്ന പ്രവണത എല്ലാക്കാലത്തും മലയാളം പുലർത്തിപ്പോന്നിട്ടുണ്ട്. പേർഷ്യൻഭാഷയിൽനിന്നു സംസ്കൃതത്തിലേക്കും ഹിന്ദിയിലേക്കും അതുവഴി മറ്റു ഭാരതീയഭാഷകളിലേക്കും സംക്രമിച്ച ഒരു വാക്കാണ് ഹുണ്ഡീ(ഹിന്ദി) അഥവാ ഹുണ്ഡികം (സംസ്കൃതം).* ഹുണ്ഡികാശബ്ദത്തെ രണ്ടുരീതിയിലാണ് മലയാളം കൈക്കൊണ്ടത്. ഒന്ന്: ഹുണ്ടിക (ദീർഘാന്തം ഹ്രസ്വമാക്കേണം അനേകാക്ഷരമാവുകിൽ) രണ്ട്: ഉണ്ടി; ഉണ്ടിക. ഹുണ്ടികയും ഉണ്ടികയും തദ്ഭവരൂപങ്ങളാണെങ്കിലും ഉണ്ടികയ്ക്കു വാമൊഴിയെന്ന നിലയിലാണു പ്രസിദ്ധി.

ഹുണ്ടിക എന്ന പദത്തിന് ഒരു തരം കൈമാറ്റപ്പത്രം (കൈമാറ്റച്ചീട്ട്), ഒരു നിർദിഷ്ടവ്യക്തിക്കു നിർദിഷ്ടമായ തുക നൽകാൻ മൂന്നാമതൊരാൾക്കു നൽകുന്ന രേഖാമൂലമായ നിർദേശങ്ങൾ, മുദ്രവച്ച പാസ്, കാണിക്കപ്പെട്ടി തുടങ്ങിയ വിവക്ഷിതങ്ങൾ കല്പിക്കപ്പെട്ടിരിക്കുന്നു. പണം പലിശയ്ക്കു കൊടുക്കുന്ന തൊഴിലാണ് ഹുണ്ടിയൽവ്യാപാരം അഥവാ ഉണ്ടികവ്യാപാരം. പണം പലിശയ്ക്കു കൊടുക്കുന്ന ഇടത്തിന് ഹുണ്ടിയൽശാല (ഉണ്ടിയൽശാല) എന്നു വ്യവഹരിക്കുന്നു. 'ഉണ്ടികയ്ക്കേ തിള വന്നതുമില്ലല്ലോ, കൊണ്ടിടാം വായ്പയായ് വിത്തമാർക്കും'** എന്നു മഹാകവി ഉള്ളൂർ 'പിംഗള'യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പണമിടപാടു നടത്തുന്നിടം എന്ന വിവക്ഷിതം സ്വീകരിക്കാമെങ്കിൽ ഉണ്ടിയൽശാല(കട)യുടെ പരിഷ്കൃതരൂപങ്ങളാണ് ഇന്നത്തെ ബാങ്കുകൾ എന്നു പറയുന്നതിൽ തെറ്റില്ല. അന്യഭാഷയിൽനിന്നു കടന്നുവന്ന 'ഹുണ്ഡിക'യെ ഹുണ്ടിക എന്നാക്കിയാണ് മലയാളം സ്വീകരിച്ചത്. പ്രമുഖ നിഘണ്ടുക്കളിലും ഹുണ്ടിക എന്നുതന്നെ കാണുന്നു. പ്രചരിച്ചുറച്ച ഹുണ്ടികയെ മാറ്റി 'ഹുണ്ഡിക'യാക്കാൻ ഇനി മെനക്കെടേണ്ടതില്ലല്ലോ!

*കുഞ്ഞൻപിള്ള ശൂരനാട്ട്, എഡിറ്റർ, മലയാളമഹാനിഘണ്ടു, വാല്യം 2, കേരളസർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം, 2003, പുറം -532.

**പരമേശ്വരയ്യർ, എസ്. ഉള്ളൂർ, ഉള്ളൂരിന്റെ തിരഞ്ഞെടുത്ത കവിതകൾ, പിംഗള, ഡി.സി. ബുക്സ്, കോട്ടയം, 2000, പുറം - 578.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ



എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു;
ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട്.

പ്രഭാഷകൻ 19 - 20

**എഡിറ്റോറിയൽ**

# കരുത്തും കരുതലുമായി വലിയ ഇടയൻ

ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി വ്യാപിച്ചുകിടക്കുന്ന സീറോ മലബാർസഭയുടെ വലിയ ഇടയനായി മാർ റാഫേൽ തട്ടിൽ നിയോഗിക്കപ്പെട്ടത് കാലത്തിന്റെ അനിവാര്യതയും സുകൃതവുമാണ്. അമ്പതുലക്ഷത്തിലധികം വിശ്വാസികളുള്ള സഭയുടെ മേജർ ആർച്ചുബിഷപ്പായി ഷംഷാബാദ് രൂപതാധ്യക്ഷനായിരുന്നമാർ റാഫേൽ തട്ടിലിനെ സിനഡ് പിതാക്കന്മാർ വോട്ടെടുപ്പിലൂടെയാണു തിരഞ്ഞെടുത്തത്. സ്ഥാനാരോഹണം ജനുവരി 11 ന് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രാർഥനാശുശ്രൂഷകളോടെ നടന്നു.

പരിശുദ്ധാത്മാവിനാൽ വെളിപ്പെടുത്തപ്പെട്ട ദൈവനിയോഗത്തെ സഭാസിനഡ് പ്രാർഥനയിലൂടെയും പരിചിന്തനത്തിലൂടെയുമാണു കണ്ടെത്തിയത്. തിരഞ്ഞെടുപ്പിന്റെ സങ്കീർണതകളൊന്നുമുണ്ടായില്ല. തിരഞ്ഞെടുക്കപ്പെട്ട ആളെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതുവരെ അതിന്റെ രഹസ്യാത്മകത പരിപൂർണമായി കാത്തുസൂക്ഷിക്കാൻ സിനഡിനു കഴിഞ്ഞുവെന്നത് സഭയുടെ ഐക്യവും കെട്ടുറപ്പും വെളിപ്പെടുത്തുന്നതായിരുന്നു.

എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും (ജെറമിയ 3:15) എന്ന വാക്കുകൾ അന്വർഥമാകുന്ന തിരഞ്ഞെടുപ്പായിരുന്നു ഇത്. ഷംഷാബാദ് രൂപതാധ്യക്ഷൻ എന്ന നിലയിൽ ഭാരതത്തിലെ 23 രൂപതകളിലായി വ്യാപിച്ചുകിടക്കുന്ന അതിവിസ്തൃതമായ ഒരു രൂപതയിലെ സീറോ മലബാർ വിശ്വാസികളെ സഭാസ്നേഹത്തിലേക്കും സമുദായബോധത്തിലേക്കും ഒരുമിപ്പിക്കാനും ശക്തീകരിക്കാനും അദ്ദേഹം നടത്തിയ ധീരമായ പരിശ്രമങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ ദൈവനിയോഗം.

മാർ റാഫേൽ തട്ടിൽ മെത്രാനായപ്പോൾ തിരഞ്ഞെടുത്ത ആപ്തവാക്യം - മുറിക്കപ്പെടാനും നൽകപ്പെടാനും (To be broken and to be given ) - ജീവിതത്തോടു ചേർത്തുപിടിച്ചതിന്റെ ആധികാരികതയും ആത്മീയതയും അദ്ദേഹത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലുമുണ്ട്. മുറിവുണക്കുന്നവൻ, സുഖപ്പെടുത്തുന്നവൻ എന്നൊക്കെയാണ് റാഫേൽ എന്ന വാക്കിന്റെ അർഥം. മുറിവുണക്കുന്ന ഇടയനെയാണ് ഈ കാലഘട്ടത്തിൽ സഭയ്ക്കുവേണ്ടതെന്ന് ദൈവം തീരുമാനിച്ചതിന്റെ ഫലമായാണ് മാർ റാഫേൽ തട്ടിൽ സഭയുടെ അമരത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതെന്നു വേണം കരുതാൻ. പലവിധ സംഘർഷങ്ങളിലൂടെ കടന്നുപോകുമ്പോഴും സഭ ഒരിക്കലും ദുർബലയല്ല. സഭയെ തകർക്കാൻ നാരകീയശക്തികൾക്കാവില്ല. സഭയ്ക്കു മുറിവുകളുണ്ടെങ്കിൽ അതുണക്കി ദൈവജനത്തെ സമൃദ്ധിയുടെ കാനാൻദേശത്തേക്കു നയിക്കാൻപോന്ന ധൈര്യവും ശക്തിയുമുള്ള നേതൃശുശ്രൂഷയാണ് മാർ റാഫേൽ തട്ടിലിന്റേതെന്ന് ദൈവജനം തിരിച്ചറിയുന്നു. സഭയുടെ കൂട്ടായ്മയിൽനിന്ന് ആരും നഷ്ടമാകാൻ ഇടയാകരുതെന്ന് മാർ റാഫേൽ തട്ടിൽ തുടർച്ചയായി പറയുന്നു. സഭയുടെ മേൽപ്പട്ട ശുശ്രൂഷയെന്നത് എല്ലാവരെയും അധികമായി സ്നേഹിക്കാനും ചേർത്തുനിർത്താനുമുള്ള വിളിയാണെന്ന് അദ്ദേഹം കരുതുന്നു. ഹൃദയംകൊണ്ടു സംസാരിക്കുമ്പോൾ സമാധാനം സംജാതമാകുന്നുവെന്ന് അദ്ദേഹത്തെ കേൾക്കുന്നവരും കാണുന്നവരും പെട്ടെന്നു തിരിച്ചറിയുന്നു.

അടിച്ചുവാരൽശുശ്രൂഷയും കണ്ടെടുക്കൽശുശ്രൂഷയുമാണ് തന്റെ ദൗത്യമെന്ന് സ്ഥാനാരോഹണശുശ്രൂഷാനന്തരമുള്ള മറുപടിപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. നാമോരോരുത്തരും നമ്മെത്തന്നെ അടിച്ചുവാരി വൃത്തിയാക്കാൻ തയ്യാറായാൽ നമ്മിലൂടെ ഒരു സഭ മുഴുവനും വൃത്തിയാകും. നഷ്ടപ്പെട്ടതൊക്കെ നമുക്കു കണ്ടെത്താനാവും. നഷ്ടപ്പെട്ട നാണയം കണ്ടെത്താൻ വീടുമുഴുവൻ അടിച്ചുവാരി വൃത്തിയാക്കിയ സ്ത്രീയെക്കുറിച്ചുള്ള ബൈബിൾഭാഗം പരാമർശിച്ചാണ് അദ്ദേഹം ഈ ആശയം പങ്കുവച്ചത്.

മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റശേഷം സ്വന്തം നാടായ തൃശൂരിൽ നൽകിയ സ്വീകരണവേളയിൽ മൂന്ന് ആഗ്രഹങ്ങൾ തുറന്നുപറഞ്ഞത് ലോകം മുഴുവനും ശ്രദ്ധിച്ചു. ഒന്നാമതായി പറഞ്ഞത്, ആധികാരികമായ ഒരു ജീവിതം താൻ കൊതിക്കുന്നുവെന്നാണ്. അതായത്, പറയുന്നതും പ്രവർത്തിക്കുന്നതും തമ്മിലുള്ള അന്തരമില്ലാത്ത ജീവിതം. രണ്ടാമത്തെ ആഗ്രഹമായി പറഞ്ഞത്, സംലഭ്യതയാണ്. നല്ല സമറായക്കാരനെപ്പോലെ എല്ലാവർക്കുമൊപ്പമാകാൻ, ജാതിയും മതവും ഒന്നും നോക്കാതെ ആവശ്യമുള്ള എല്ലാവർക്കും തന്റെ സാന്നിധ്യം ശക്തിയായി കൊടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പ്രസംഗത്തിനപ്പുറം മറ്റുള്ളവരെ കേൾക്കാനാണ് ആഗ്രഹമെന്നും പ്രത്യേകിച്ച് അവശതയനുഭവിക്കുന്നവരെ, സംഘർഷങ്ങളുള്ളവരെ ചേർത്തുനിർത്താനും പ്രതിസന്ധിയുമായി അടുത്തുവരുന്നവന് ഉടനടി പരിഹാരം ഉണ്ടാക്കിക്കൊടുക്കാനും സഭയ്ക്കു സാധിക്കണമെന്നും അദ്ദേഹം പറയുന്നു.

മൂന്നാമത്തേതും ഏറ്റവും ഉന്നതവുമായ പരിഗണനയായി അദ്ദേഹം പറഞ്ഞത്, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള ഐക്യദാർഢ്യമാണ്. ആർഭാടവും ആഘോഷങ്ങളുമായി നടക്കുന്ന സഭയോട് തനിക്കു വിയോജിപ്പാണെന്ന് അദ്ദേഹം മനസ്സു തുറന്നു. മേജർ ആർച്ചുബിഷപ് എന്ന നിലയിൽ, തന്റെ ശിരസ്സിൽ വയ്ക്കുന്ന കിരീടവും താൻ പിടിക്കുന്ന ചെങ്കോലും നൽകുന്ന പ്രവാചകദൗത്യം, അനാവശ്യമായി ആർഭാടങ്ങൾക്കു ചെലവഴിക്കുന്ന പണം മുഴുവൻ പാവങ്ങളുടെ സമുദ്ധാരണത്തിനായി കൊടുക്കാൻ സഭയെ ഓർമപ്പെടുത്തുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

സീറോ മലബാർസഭയുടെ വലിയ അമരക്കാരൻ സഭയ്ക്കു വലിയ പ്രതീക്ഷയും കരുത്തും പകരുന്നുണ്ട്. സഭയുടെ പ്രേഷിതശുശ്രൂഷകൾക്കു വിശാലമായ മാനവും സമൂലമായ പരിവർത്തനവും പകരാൻ പുതിയ ഇടയശ്രൂഷയ്ക്കാവുമെന്നതിൽ സംശയമില്ല. സീറോ മലബാർ സഭയുടെ ആത്മീയാചാര്യന് ദീപനാളത്തിന്റെ പ്രാർഥനാമംഗളങ്ങൾ.

## കൊച്ചുമക്കൾ കൊഞ്ചുന്നത് ആരോട്?

ഖലീൽ ജിബ്രാൻ പറഞ്ഞു: "മക്കൾ മാതാപിതാക്കളിലൂടെ വരുന്നു." അക്കൂട്ടത്തിൽ ഇതുകൂടെ പറയാം: "മനുഷ്യൻ മരിക്കുന്നില്ല, അവൻ മക്കളിലൂടെ ജീവിക്കുന്നു." അതേ, മക്കളെ ശ്രദ്ധിച്ചു നോക്കിയാൽ, അവരുടെ മാതാപിതാക്കളെ അവരിൽ വ്യക്തമായും വ്യംഗ്യമായും കാണാം. അങ്ങനെ പ്രകൃതത്തിലും സ്വഭാവത്തിലും മക്കൾ മുത്തച്ഛനോടും മുത്തശ്ശിയോടും ഏറെ അടുത്തിരിക്കും.

പ്രകൃതിപരമായ മാനുഷികഗുണങ്ങൾ ചോർന്നുപോകാതെ മക്കൾ വളരണമെങ്കിൽ അവർ മുതിർന്ന മാതാപിതാക്കളോടു ചേർന്നു വളരണം. അതു വഴി രണ്ടു കൂട്ടർക്കും അനേകം ഗുണങ്ങൾ സിദ്ധിക്കും. ഇക്കാലത്തെ മുത്തച്ഛന്മാരിലും മുത്തശ്ശിമാരിലും, മിക്കവരും നല്ല മാനസിക ബൗദ്ധികനിലവാരം പുലർത്തുന്നവർതന്നെ. അവരോടു തൊട്ടുചേർന്നു വളരുന്ന കുഞ്ഞുങ്ങൾ നൈസർഗികമായി ഒത്തിരി വിദ്യ നേടും. പെരുമാറ്റഗുണങ്ങളും അവർക്കുണ്ടാകും.

നേരേമറിച്ച്, കുഞ്ഞുങ്ങളുമൊത്തുള്ള ജീവിതം, വൃദ്ധമാതാപിതാക്കൾക്ക് ആയുസ്സും ആരോഗ്യവും നിലനിർത്തിക്കൊടുക്കും. കൊച്ചുമക്കളുടെ ചങ്ങാത്തം പല വയോധികർക്കും അഞ്ചും പത്തും വർഷത്തെ ആരോഗ്യജീവിതം നീട്ടിക്കൊടുക്കും.

മുത്തച്ഛനും മുത്തശ്ശിയുമൊത്തു വളരാത്ത കൊച്ചുമക്കളും, കൊച്ചുമക്കളോടൊത്തു ജീവിക്കാത്ത മാതാപിതാക്കളും ജീവിതത്തിലെ നല്ല ഭാഗം നഷ്ടപ്പെടുത്തിയിരിക്കുന്നു. ചില പുത്തൻ, യുവമാതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾ വൃദ്ധമാതാപിതാക്കളോടടുക്കുന്നതു തീരെ ഇഷ്ടപ്പെടുന്നില്ല. ഇതു ശരിയായ നിലപാടെന്നു പറയാനാവില്ല. കൊച്ചുമക്കളോടൊത്തു ജീവിച്ചുനോക്കൂ, ആ സുഖം ഒന്ന് ആസ്വദിച്ചു നോക്കൂ. അവർ ദൈവമക്കളാണ്, ദൈവാനുഗ്രഹവാഹകരാണ്.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി, പെരുവ**

## കുടുംബവിളക്ക് ചിന്താബന്ധുരം

കുടുംബവിളക്കുപംക്തിയിൽ ഫാ. തോമസ് പാട്ടത്തിൽചിറ എഴുതുന്ന ലഘുക്കുറിപ്പുകൾ ഏറെ ചിന്തനീയമാണ്. അയത്നലളിതമായ ഭാഷാശൈലി പംക്തിയെ ഏറെ ആകർഷകമാക്കുന്നു. എല്ലാം മനുഷ്യനോടും പ്രകൃതിയോടും ബന്ധപ്പെട്ടവ തന്നെ. ഓരോ കുറിപ്പും ഓരോ ഓർമപ്പെടുത്തലുകളാണ്. ജീവിതത്തിനു വഴിവെളിച്ചമേകുന്ന ഇത്തരം ചെറുപംക്തികൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**കെ.എം.ആന്റണി, തൃശൂർ**



**പ്രതികരണം**

## എളിയ ജീവിതങ്ങൾ

നിത്യജീവിതത്തിൽ താൻ കണ്ടുമുട്ടിയ എളിയജീവിതങ്ങളെ അവതരിപ്പിച്ചുകൊണ്ടുള്ള ജോർജു പുല്ലാട്ടിന്റെ വിചിന്തനങ്ങൾ വായിച്ചു. തിരക്കിട്ട ഓട്ടത്തിനിടയിൽ നാം ഇത്തരം ജീവിതങ്ങളെ കണ്ടിട്ടും കണ്ടില്ലെന്ന മട്ടിൽ പോവുകയാണു പതിവ്. കണ്ടിട്ടെന്തു കാര്യം എന്ന ചോദ്യം അത്രത്തോളമില്ലെങ്കിലും ലേഖകനും ഉയർത്തുന്നുണ്ട്. എങ്കിലും പുല്ലാട്ടിന്റെ ഭൂതദയ ഒരു നേരമെങ്കിലും അവരിലേക്കു നടന്നുചെന്നല്ലോ. നല്ല കാര്യം. ഇതുപോലെ, എത്രയോ അരികുജീവിതങ്ങൾ നമ്മുടെ കൺവെട്ടത്ത് കാണാമറയത്തെന്നപോലെ കഴിയുന്നു! ഒന്നും ചെയ്തുകൊടുക്കാൻ പറ്റിയില്ലെങ്കിലും ഇത്തരം നിസ്വജന്മങ്ങളെ വല്ലപ്പോഴുമെങ്കിലും ഒന്ന് അടുത്തുകാണുന്നത് സ്വന്തം ജീവിതത്തെ ചിലതെല്ലാം ഓർമിപ്പിക്കാതിരിക്കില്ല.

**എബി എബ്രാഹം**
**പുളിങ്കുന്ന്**

## എന്തുകൊണ്ട് ഈ പരാജയം?

ഡിജോ കാപ്പന്റെ ലേഖനം (ഇന്ത്യൻ ജനാധിപത്യം ഭീഷണിയിലോ? - നാളം 44) വായിച്ചു. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് അദ്ദേഹം ഉന്നയിക്കുന്ന കാര്യങ്ങൾ പ്രസക്തംതന്നെ. ജനാധിപത്യ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണാധികാരി, ഏകാധിപത്യത്തിലേക്കു തിരിയുന്നതിലെ അപകടമാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ, എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നുവെന്നു നാം ചിന്തിക്കണം.

ഉള്ളതുപറയട്ടെ, നരേന്ദ്രമോദിക്കു തുല്യം നില്ക്കുന്ന ശക്തനായ ഒരു നേതാവ് ഇന്ന് ഇന്ത്യയിൽ ഒരു കക്ഷിയിലും നിലവിലില്ല. ഒരു ജോഡോയാത്രയുടെ ക്ഷീണം മാറുന്നതിനു മുമ്പേ അടുത്ത യാത്രയ്ക്കു രാഹുൽ ഇറങ്ങിയിരിക്കുകയാണ്. ആദ്യയാത്രയ്ക്കു ശേഷമാണല്ലോ മൂന്നുനാലു നിയമസഭാതിരഞ്ഞെടുപ്പുകൾ നടന്നത്. രാഹുലിന്റെ പാർട്ടിക്ക് എന്തുകിട്ടി? ജനങ്ങളെ വശീകരിക്കാൻ പോന്ന കരിസ്മകൊണ്ട് മോദി ഉത്തരേന്ത്യൻ ഗ്രാമങ്ങളെയും എന്തിന്, നഗരങ്ങളെപ്പോലും തന്റെ കാൽക്കീഴിലാക്കിയിരിക്കുകയാണ്. അപ്പോഴും നാം കാണേണ്ട ഒരു യാഥാർഥ്യമുണ്ട്. കോൺഗ്രസിനേക്കാൾ വോട്ടിംഗ് ശതമാനത്തിൽ നേരിയ വർധനയേ വിജയിച്ച തിരഞ്ഞെടുപ്പുകളിലൊക്കെ ബിജെപിക്കുള്ളൂ. പക്ഷേ, ഏതു വിജയിക്കും തുള്ളിമറിയാൻ രണ്ട് വോട്ടിന്റെ ഭൂരിപക്ഷം മതി.

**ബിനു തോമസ്**
**കാഞ്ഞിരപ്പള്ളി**

## മൊബൈലിൽ മുഖം പൂഴ്ത്തിയവർ

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന ഭീഷണികളെക്കുറിച്ച് ശ്രീ ഡിജോ കാപ്പൻ എഴുതിയ ലേഖനം (നാളം 44) കാലികവും ചിന്തോദ്ദീപകവുമായിരുന്നു. ജനങ്ങളുടെ സ്വരം അവഗണിച്ചും പുറത്തുവരാത്ത വിധത്തിലും ഭരണകൂടം നടത്തുന്ന നീക്കങ്ങൾ തീർച്ചയായും ഉത്കണ്ഠാജനകം തന്നെ. പക്ഷേ, ഈ ഉത്കണ്ഠ, രാജ്യപുരോഗതിയും ജനക്ഷേമവും ആഗ്രഹിക്കുന്ന, മാനവികതയിൽ വിശ്വസിക്കുന്ന ന്യൂനപക്ഷത്തിന്റെ ചിന്തകളിൽ മാത്രമായി ഒതുങ്ങിപ്പോകുകയല്ലേയെന്നു സംശയം. ജനസാമാന്യത്തിന് ഇതിലൊന്നും ശ്രദ്ധിക്കാൻ സമയമില്ല. ഭരണാധികാരിയുടെ ഗീർവാണങ്ങൾ കേൾക്കുമ്പോൾ ഇടയ്ക്കു തല പൊക്കി നോക്കുന്നതല്ലാതെ നമ്മുടെ ചെറുപ്പക്കാരും മൊബൈലിൽ മുഖം പൂഴ്ത്തിയിരിക്കുകയാണ്

**സിബി ജോൺ, കൊച്ചി**

# വാർമുകിലിന്റെ വെള്ളിപ്പാദസരം



കഥ

ഡോ. മായാ ഗോപിനാഥ്

**ക**ഥയും ശ്രീബാലയും ഒരുമിച്ചാണ് മഴത്തണുപ്പ് ചിതറിവീണ ജനാലയിലൂടെ പുറത്തെ ഇരുളിലേക്കു നോക്കിയിരുന്നത്...

"നീയെന്നെ ഒറ്റയ്ക്കിരിക്കാൻ അനുവദിക്കില്ലാന്നു തോന്നുന്നു."

ശ്രീബാല കഥയോടു പരിഭവം പറഞ്ഞു.

"ഇയാളുടെ ഉള്ളിൽ ഘനീഭവിച്ചതൊക്കെ പെയ്തുതീരാതെ പോകാനാവതില്ല ബാലാ."

പിന്നെ തോളറ്റം മുറിച്ചിട്ട ബാലയുടെ മുടിയിൽ തലോടി.

"പാവം എത്ര മോഹിച്ചതാ..."

ബാല മേശമേലിരുന്ന വാൽക്കണ്ണാടി എടുത്തുനോക്കി. നെറ്റിയുടെ വലതുവശത്തേക്ക് വീണുകിടന്ന നരമുടികളൊക്കെ മുറിച്ച് രണ്ടാഴ്ച മുന്നേതന്നെ തയ്യാറായപ്പോഴാണ് ഹരികൃഷ്ണന്റെ നീരസം കലർന്ന ഒരു നോട്ടം തന്റെ നേർക്കു നീണ്ടുവരുന്നതു കണ്ടത്. ഇത്തരം സാഹസികതയുടെയോ ചാപല്യത്തിന്റെയോ ആവശ്യം ഒരു മധ്യവയസ്കയ്ക്ക് ഇല്ലെന്നു പറയുന്ന ആ നോട്ടത്തിൽനിന്നു തെന്നിമാറി ബാല വീണ്ടും നരമുടികൾ ശ്രദ്ധയോടെ മുറിച്ചുമാറ്റി.

അല്ലെങ്കിലും നാല്പതുകൾക്കപ്പുറം തന്റെ സൗന്ദര്യവും വ്യക്തിത്വവും മങ്ങിപ്പോകുന്നോ എന്ന ആശങ്കയിൽ ആരാണ് അല്പം നര മറയ്ക്കാനും മുഖം മിനുക്കാനും ശ്രമിക്കാത്തത്!

സുമിത്രയും പറഞ്ഞു.

മുഖത്തു പടരുന്ന കറുപ്പാവുമോ അതോ മനസ്സിലുറയുന്ന തണുപ്പാവുമോ ഒരു സ്ത്രീയെ കൂടുതൽ വേദനിപ്പിക്കുക?

ബാല ഓർത്തു.

സുമിത്രയാണ് മൂന്നു മാസം മുമ്പേ ഈ യാത്രയ്ക്കു മുന്നൊരുക്കം നടത്തിയതും ബാലയെ കോളജിലേക്കു ഡ്രൈവ് ചെയ്തുകൊണ്ടുപോകാമെന്ന് ഏറ്റിരുന്നതും. പെട്ടെന്ന് തീരുമാനിക്കപ്പെട്ട ഒരു സർജറിയോടെ ബെഡ് റെസ്റ്റിൽ ആയിപ്പോയ സുമിത്രയുടെ വാക്കുകളിലാകെ കണ്ണുനീർ അടർന്നുകിടന്നിരുന്നതു കണ്ടാണ് തലേന്ന് ആ വീട്ടിൽനിന്നു മടങ്ങിയത്.

സ്ത്രീത്വമപ്പാടെ കൈമോശം വന്നവളെപ്പോലെയാണ് അവൾ വിങ്ങിയത്.

'അല്ലെങ്കിലും ഗർഭപാത്രം മുറിച്ചുമാറ്റപ്പെടാവുന്ന ഒരു വെറും അവയവമല്ലല്ലോ ഒരു സ്ത്രീയ്ക്കും. സ്വജീവനിൽ മറ്റൊരു ജീവൻ കുരുത്തയിടമല്ലേ?

ഒരാശ്വാസവാക്കിനും പ്രസക്തിയില്ലാത്തവിധം വ്യസനവും മരുന്നിന്റെ മണവും സുമിയുടെ മുറിയിൽ ഇടകലർന്നു കിടന്നിരുന്നു.

സുമിയെ കണ്ട് തിരികെപ്പോരുംവഴിയാണ് ശാലിനിയുടെ കാൾ വന്നത്. ശാലിനിയുടെ ഭർത്താവ് കുളിമുറിയിൽ തെന്നിവീണ് കാലിനു ഫ്രാക്ചറായത്രേ.

സുമിത്രയില്ലെങ്കിലും സാരമില്ല നമുക്കൊരുമിച്ചുപോകാമെന്നു തലേന്നുംകൂടി പറഞ്ഞത് ശാലിനിയാണ്.

"ചിലനേരത്തു ചില കാര്യങ്ങൾ കാലേകൂട്ടി തീരുമാനിച്ചുറപ്പിച്ചാൽ ഒന്നും നടക്കില്ലെടോ. അതങ്ങനെയാ." ശാലിനിയുടെ ശബ്ദത്തിൽ നിരാശ അടിഞ്ഞുകൂടിക്കിടന്നു.



അവ്യക്തമായ എന്തോ മെല്ലെപ്പറഞ്ഞ് ഒരു കാറ്റ് മൂളിയകന്നു.

എന്തു വന്നാലും ഇക്കുറി താൻ യാത്ര മാറ്റിവയ്ക്കില്ലെന്നു ഹരിയോടു തറപ്പിച്ചുപറഞ്ഞതാണ്. സുഖമില്ലാത്ത അമ്മായിയുടെ ഒരു ദിവസത്തെ കാര്യങ്ങളൊക്കെ ഹരി തന്നെ നോക്കണം എന്ന് പലവുരു ഓർമ്മപ്പെടുത്തുകയും ചെയ്തു.

ഇതൊന്നും നടക്കില്ലെന്ന മട്ടിൽ ഹരിയുടെ ചുണ്ടത്തു നിറഞ്ഞ ചിരിയെ കണ്ടില്ലെന്നു നടിച്ചു. എന്നിട്ടിപ്പോൾ...

വഴിയോരത്തെ വൃദ്ധസദനത്തിനു മുന്നിലെത്തിയപ്പോൾ മഴ പെയ്തു.

പുതുതായി വന്ന ഒരു അന്തേവാസി കാറിൽനിന്നിറങ്ങുന്നതും, തുകൽബാഗ് എടുത്ത് ഒരാൾ അകത്തേക്കു കയറുന്നതും ബാല റോഡിൽനിന്നു കണ്ടു

റിട്ടയർ ആവാൻ ഇനി ആറു കൊല്ലംകൂടി. മധ്യവയസ്സിനും വൃദ്ധസദനത്തിനും ഇടയിൽ വലിയ ദൂരമില്ലെന്നു ബാലയ്ക്കു തോന്നി.

അകാലത്തിൽ വാർധക്യം ബാധിച്ചവളെപ്പോലെ കാലുകൾ ഭാരപ്പെട്ട് വലിച്ചു ബാല നടന്നു.

വീട്ടുമുറ്റത്തെ മാവിൻചുവടു നിറയെ അപ്പോൾ വീശിയ കാറ്റിൽ അടർന്നുവീണ നാട്ടുമാമ്പഴങ്ങൾ ബാലയെ മധുരമോഹത്തിന്റെ ബാല്യത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

മൂന്നാല് മാമ്പഴങ്ങൾ പെറുക്കിയെടുത്ത് വീട്ടിനുള്ളിലേക്കു കയറി.

അമ്മായിയുടെ ഹോം നേഴ്സ് ഒഴിവിനു നാട്ടിലേക്കു പോകാൻ ടിക്കറ്റ് നേരത്തേ ബുക്ക്ചെയ്തിരുന്നു. ബാല വന്നതും സ്വതേയുള്ള കൂർത്ത മുഖത്തോടെ ഞാനിറങ്ങുന്നു എന്നു പിറുപിറുത്തു ബാഗുമെടുത്ത് ഇറങ്ങിപ്പോയി.

പലകുറി ആലോചിച്ചുനോക്കി. ഒറ്റയ്ക്കായാലും പോകണോ അതോ യാത്ര മാറ്റിവയ്ക്കണോ എന്ന്.

ഒരു തീരുമാനത്തിനും മനസ്സ് വഴങ്ങിയില്ല.

വെറുതെ ഫോണിൽ വിരൽകൊണ്ടു കോറിയിരുന്നു. ഓരോരോ ജാലകങ്ങളിലൂടെ അലസമായിട്ടങ്ങനെ കയറിയിറങ്ങി.

യു ട്യൂബിൽ സെലിബ്രിറ്റി ആവാൻ ജീവിതത്തിന്റെ എല്ലാ ജാലകങ്ങളും തുറന്നിട്ട് ആദ്യ ചുംബനം, ഗർഭം, പ്രസവം ഒക്കെ ലേലം ചെയ്യുന്നവർ.

വീഡിയോ ഇടാനും സബ്സ്ക്രിപ്ഷൻ കിട്ടാനും മാത്രം യാത്രപോകുന്നവർ.

വെറൈറ്റിക്കുവേണ്ടി അലുവയ്ക്കിത്തിരി ഉപ്പിട്ടും മത്തിക്കറി പഞ്ചസാര ചേർത്തും വയ്ക്കുന്നവർ.

നന്മയ്ക്കുനേരേ പുറംതിരിഞ്ഞു നിൽക്കാനും, സത്യത്തെ പുച്ഛിക്കാനും, ആഡംബരത്തെ പുണരാനും, സഹജീവികളെ പുറംകാൽകൊണ്ടു തട്ടിമാറ്റാനും ഒക്കെ നാം എത്രവേഗമാണ് ശീലിക്കുന്നത്...

പെട്ടെന്നാണ് കാളിങ്ബെൽ ശബ്ദിച്ചത്. ഹരി വന്നിരിക്കുന്നു.

അമ്മായി മുറിയിൽനിന്ന് ബാലയെ വിളിച്ചുകൊണ്ടിരുന്നു.

രാത്രിഭക്ഷണനേരത്തോ കിടക്കാൻനേരമോ താൻ ഒന്നും പറയാത്തതിൽനിന്ന് ഹരി തന്റെ പിൻവാങ്ങൽ തിരിച്ചറിഞ്ഞപോലെ തോന്നി ബാലയ്ക്ക്.

കാലത്ത് വൈകി ഉണർന്നതുകണ്ട് ഹരി ഇതൊക്കെ താൻ മുൻകൂട്ടി കണ്ടതുപോലെ ചിരിച്ചു.

ബാലയുടെ ഉന്മേഷമൊക്കെ കെട്ടുപോയിരുന്നു. കാലത്തെ മേൽ തുടച്ചുവൃത്തിയാക്കി ചാരിയിരുത്തി കഞ്ഞി കോരി കൊടുക്കുന്നതിനിടെ അമ്മായി ചോദിച്ചു:

"ബാലയ്ക്കു പോകാമായിരുന്നില്ലേ?"

താനാണ് മരുമകളുടെ യാത്ര മുടക്കിയതെന്നു പാവം അമ്മായി നിനച്ചിരിക്കാം.

വാട്സ്ആപ്പ് ചാറ്റ് നിറയെ ആഹ്ലാദാരവങ്ങളുടെ ചിത്രങ്ങളും വീഡിയോകളും.

കൊതിപ്പിക്കുന്ന പൊട്ടിച്ചിരികളുടെ മുഴക്കം. ക്യാമറയുടെ കണ്ണിൽപ്പോലും മിന്നുന്ന സന്തോഷത്തിളക്കം...

വയറോ വണ്ണമോ നരയോ ഒന്നും കെടുത്തിക്കളയാത്ത ശുഭകാമനകൾ തിളങ്ങുന്ന കണ്ണുകൾ...

ബാലയുടെ കണ്ണുകൾ ബാലിശമായി നിറയാൻ വെമ്പിനിന്നു.

ദുബായിൽനിന്നു നീന, യുഎസ്സിൽനിന്ന് കിരൺ, സിങ്കപ്പൂർനിന്ന് ശേഖർ എല്ലാവരും എത്തിയിട്ടുണ്ട്.

എല്ലാവരുടെ കണ്ണിലും മുഖത്തും തുടിക്കുന്ന സൗഹൃദച്ചുവപ്പ്.

മുന്നറിയിപ്പില്ലാതെ പെയ്ത ചാറ്റൽമഴ നനഞ്ഞുനടക്കുന്ന കീർത്തിയും സുമയും.

വാകച്ചോട്ടിൽ ഒരു ചെറിയ കൂട്ടം. അവർക്കു നടുവിൽ പഴയ പ്രസരിപ്പ് വിടാതെ രമണിറ്റീച്ചറും സരസറ്റീച്ചറും. രണ്ടുപേരും ഞങ്ങൾ ശിഷ്യർക്ക് എന്നും ഉണർവും വെളിച്ചവും പകർന്നവർ.

ഗ്രൂപ്പിൽ നിറഞ്ഞ ഫോട്ടോകൾ കണ്ട് ആദ്യം വിളിച്ചത് സുമിത്രയാണ്.

"ബാലേ, നീ കണ്ടോ മൈഥിലിയും കിരണും പഴയ ബസ് ഷെഡിനു മുന്നിൽ നിൽക്കുന്ന ഫോട്ടോ."

"രണ്ടുപേരും മെയിഡ് ഫോർ ഈച് അദർ എന്നു തോന്നും അല്ലേ. എന്തൊരു ചേർച്ചയാണ്."

മൈഥിലിയും കിരണും പഠിക്കുന്ന കാലത്ത് പ്രണയബദ്ധരായിരുന്നു.

പക്ഷേ, ആ ബന്ധം വിവാഹംവരെ എത്തിയില്ല. പിന്നീട് വ്യക്തിപരമായ കാരണങ്ങളാൽ അവർ രണ്ടു പേരും വിവാഹമോചിതരായി.

ഇന്നിപ്പോൾ ഈ ഗെറ്റ് ടുഗതെറിന്റെ ഹൈലൈറ്റ്തന്നെ അവർ പഴയ പ്രണയികൾ വിവാഹിതരാവുന്നു എന്നതാണ്.

പതിനൊന്നുമണിയോടെ ഹാളിൽ നിരത്തിയിരുന്ന കസേരകളിൽ എല്ലാവരും അണിനിരന്നു.

മൈഥിലിയും കിരണും അടുത്തടുത്ത കസേരകളിൽ ഇരുന്ന് ചിരിക്കുന്ന ചിത്രങ്ങൾ കണ്ടു ശാലിനിയും വിളിച്ചു.

"നോക്ക് ബാലേ, അവർ പരസ്പരം ചേരേണ്ടവർതന്നെ അല്ലെ."

"കണ്ടില്ലേ അവരുടെ കണ്ണിലെ നക്ഷത്രത്തിളക്കം...ആ പ്രസന്നമായ ചിരി."

ബാലയ്ക്കു വല്ലാത്ത സന്തോഷം തോന്നി.

ഒത്തുപോവാനാവില്ലെന്നു കണ്ടാൽ പരസ്പരബഹുമാനത്തോടെ മാറിക്കൊടുക്കണം. അല്ലേ ബാലേ? ഓരോരുത്തരുടെയും അവകാശങ്ങളെക്കുറിച്ച് ശാലിനി വാചാലമായി.

അല്ലെങ്കിലും അവരവരുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്നതിലെന്താ തെറ്റ്..

വീട്ടുകാരുടെ നിബന്ധനകളൊക്കെ ഒരു പ്രായംവരെയേ ഉണ്ടാവൂ.

ശാലിനി തുടർന്നു.

പെട്ടെന്നാണ് വലിയ ശബ്ദത്തോടെ ഒരിടി വെട്ടിയതും കറന്റ് പോയതും.

പുറത്തു നല്ല കാറ്റുണ്ടായിരുന്നു. ചന്നംപിന്നം പെയ്തു തുടങ്ങിയ മഴ പിന്നെ കനത്തു പെയ്തു.

വൈകുന്നേരം എല്ലാവരും പിരിയുംവരെയും ഗ്രൂപ്പ് നിറയെ ചിത്രങ്ങൾ തുടരെത്തുടരെ വന്നുകൊണ്ടിരുന്നു.

ഇടതിങ്ങി വളരുന്ന മരങ്ങൾ നിറഞ്ഞ കാമ്പസ്സിന്റെ വശ്യത ഒന്നു വേറേതന്നെ ആയിരുന്നു.

ആകാശത്തെ തൊടാനെന്നപോലെ കൈനീട്ടുന്ന അവരോടൊപ്പം തങ്ങളൊക്കെ എത്ര ആകാശങ്ങൾ സ്വപ്നം കണ്ടു!

പ്രണയസൗരഭ്യം നിറഞ്ഞ കാലത്തെ വീണ്ടും വരവേൽക്കാൻ കസവുകരയുടെ തിളക്കമുള്ള സാരിയും നാണം കലർന്ന ഒരു ചിരിയും മൈഥിലിയെ പൊതിഞ്ഞുനിന്നു. കിരണിന്റെ മുഖത്തും ഒരു നവവരന്റെ കൗതുകം തുടുത്തുനിന്നിരുന്നു.

രാത്രി വൈകുവോളം ബാല ചിത്രങ്ങളൊക്കെ വീണ്ടും വീണ്ടും കണ്ടിരുന്നു.

മഴ തോർന്നിരുന്നില്ല...

ഒരു ദീർഘനിശ്വാസത്തോടെ കഥ അവളുടെ തോളത്തു മെല്ലെ തലോടി.

അടുത്ത സൗഹൃദസംഗമത്തിന്റെ കാല്പനികതയിലേക്ക് ബാല ആകാംക്ഷയോടെ എത്തിനോക്കവേ തുറന്നിട്ടവാതിലിലൂടെ വാർമുകിലിന്റെ വെള്ളിപ്പാദസരത്തിന്റെ കിലുക്കത്തിനൊപ്പം കഥ ഇറങ്ങിനടന്നു.

■




# പാലാ സെന്റ് തോമസ് പ്രസ് സപ്തതിനിറവിൽ



**ഫാ. കുര്യൻ തടത്തിൽ**
(മാനേജർ)

പാലാ സെന്റ് തോമസ് പ്രസ് അതിന്റെ വിജയകരമായ എഴുപതുവർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ്. അക്ഷരജ്ഞാനം അറിവിന്റെ ആദ്യപടിയും പ്രേഷിതത്വത്തിന്റെ പ്രധാന വഴിയുമാണെന്നു തിരിച്ചറിഞ്ഞ നമ്മുടെ സഭാപിതാക്കന്മാർ പള്ളിക്കൊപ്പം പള്ളിക്കൂടം വേണമെന്നു ശഠിച്ചതിന്റെ ഫലമാണ് ഇന്നു കേരളത്തിൽ കാണുന്ന വിദ്യാഭ്യാസപുരോഗതിയെന്നു നിസ്സംശയം പറയാം. സാർവത്രികവിദ്യാഭ്യാസത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് അച്ചടിവിദ്യയും അതിനോടനുബന്ധിച്ചുള്ള പുസ്തകപ്രസാധനവും പത്രസ്ഥാപനങ്ങളുമെല്ലാം.

ക്രൈസ്തവമിഷനറിമാരുടെ കടന്നുവരവോടെ കേരളത്തിലുണ്ടായ പ്രധാന നേട്ടങ്ങളിലൊന്നാണ് അച്ചടിയുടെ ആവിർഭാവവും വളർച്ചയും. അതുവരെ താളിയോലയിൽ നാരായം കൊണ്ട് എഴുതിസൂക്ഷിച്ചിരുന്ന രേഖകളൊക്കെ അച്ചടിച്ച് കടലാസുകളിൽ സൂക്ഷിക്കാൻ സാധിച്ചുവെന്നതും അതു താളിയോലയിലെ എഴുത്തിനെക്കാൾ എളുപ്പവും ചെലവു കുറഞ്ഞതുമായിരുന്നുവെന്നതും ശ്രദ്ധേയമായ കാര്യമാണ്.

അറിവിന്റെ വികാസത്തിനു വഴിയൊരുക്കിയ മുദ്രണാലയപ്രേഷിതരംഗത്ത് പാലാ രൂപതയുടെ സംഭാവനകൾ നിസ്തുലമാണ്. പാലാ രൂപതയുടെ പ്രഥമമെത്രാനായിരുന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ പാലായെക്കുറിച്ചുള്ള വികസനസ്വപ്നങ്ങളിൽ പ്രധാനമായിരുന്നു ഒരു അച്ചടിശാല സ്ഥാപിക്കുകയെന്നത്. അതിന്റെ ഭാഗമായി ശ്രീ എ.സി. കുര്യാക്കോസിന്റെ ഉടമസ്ഥതയിൽ സെന്റ് തോമസ് ഹൈസ്കൂളിനു സമീപം പ്രവർത്തിച്ചിരുന്ന ഓറിയന്റൽ പ്രസ് പാലാ രൂപതയ്ക്കു


**ഞങ്ങളുടെ മാർഗദീപം**



**മാർ സെബാസ്റ്റ്യൻ വയലിൽ**
(സ്ഥാപകൻ)



**മാർ ജോസഫ് കല്ലറങ്ങാട്ട്**
(പാലാ രൂപതാധ്യക്ഷൻ)



**മാർ ജോസഫ് പള്ളിക്കാപറമ്പിൽ**
(പാലാ രൂപത മുൻ അധ്യക്ഷൻ)



# പാലാ സെന്റ്

# സപ്തതിയാ

## 2024 ജനുവരി 22

വേണ്ടി അദ്ദേഹം വിലയ്ക്കുവാങ്ങി. അധികം വൈകാതെ പിതാവിന്റെ നാമഹേതുകത്തിരുനാൾ ദിനം, 1953 ജനുവരി 20 ന് സെന്റ് തോമസ് പ്രസിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു.

ആദ്യകാലത്തുതന്നെ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത മെഷീനുകൾ ഇവിടെ ഉപയോഗിച്ചിരുന്നു. അച്ചടിമാധ്യമരംഗത്തെ അതിനൂതനമായ എല്ലാ സാങ്കേതികവിദ്യകളും ഉപയോഗിച്ച് കൃത്യതയും സൂക്ഷ്മതയും കൈവരിക്കാൻ നാളിന്നോളം നമുക്കു സാധിച്ചിട്ടുണ്ട് എന്നത് ചാരിതാർഥ്യജനകമാണ്.

ഫാ. ജോസഫ് ചൊവ്വാറ്റുകുന്നേലിനും ഫാ. സഖറിയാസ് എടക്കരയ്ക്കുംശേഷം സെന്റ് തോമസ് പ്രസിന്റെ മാനേജരായി വന്ന ഫാ. ജേക്കബ് മാളിയേക്കലിന്റെ കാലത്ത് ജർമൻ നിർമിതമായ ഹൈഡൽബർഗ് അച്ചടിയന്ത്രം മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കലിന്റെ ശ്രമഫലമായി വാങ്ങാൻ കഴിഞ്ഞു. മാളിയേക്കലച്ചനെത്തുടർന്ന് ഫാ. ജേക്കബ് പ്ലാത്തോട്ടം, ഫാ. തോമസ് മണ്ണൂർ, ഫാ. ഫ്രാൻസീസ് വടക്കേൽ, ഫാ. ജോസഫ് കിഴക്കേക്കര, ഫാ. ജോസ് വള്ളോംപുരയിടം, ഫാ. തോമസ് വലിയവീട്ടിൽ, ഫാ. ജോസഫ് പൂവത്തുങ്കൽ, ഫാ. തോമസ് മാടപ്പള്ളിൽ, ഫാ. സിറിയക് വടക്കേൽ, ഫാ. ജോസഫ് തടത്തിൽ, ഫാ. ജോർജ് പഴേപറമ്പിൽ എന്നിവർ സെന്റ്തോമസ് പ്രസിന്റെ മാനേജർമാരായും ഫാ. ജോർജ് നെല്ലിക്കാട്ട്, ഫാ. സിറിയക് കാനാട്ട്, ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട്, ഫാ. ജോസഫ് തെരുവിൽ, ഫാ. കുര്യാക്കോസ് പാത്തിക്കൽ പുത്തൻപുരയിൽ എന്നിവർ വിവിധ കാലഘട്ടങ്ങളിൽ അസിസ്റ്റന്റ് മാനേജർമാരായും നിസ്തുല സേവനമനുഷ്ഠിച്ചിട്ടുണ്ട്.

എട്ടുവർഷത്തോളം മാനേജരായിരുന്ന ഫാ. ജേക്കബ് പ്ലാത്തോട്ടത്തിന്റെ കാലത്താണ് സെന്റ് തോമസ് പ്രസിന്റെ വളർച്ചയുടെ ആദ്യഘട്ടം ആരംഭിക്കുന്നത്. സെന്റ് തോമസ് പ്രസ് കെട്ടിടസമുച്ചയത്തിന്റെ പണികൾ പുരോഗമിച്ചതും പ്രസിൽ ജോലി ചെയ്തിരുന്ന സിസ്റ്റേഴ്സിനു വിശ്രമിക്കാനും താമസിക്കാനും സൗകര്യം ഒരുക്കിയതും പ്ലാത്തോട്ടത്തിലച്ചന്റെ ശ്രമഫലമായാണ്.

1964 ലാണ് പാലാ രൂപതയിൽ ബഹു. സിസ്റ്റേഴ്സ് മുദ്രണാലയപ്രേഷിതത്വത്തിലേക്കു കടന്നുവരുന്നത്. സേക്രഡ് ഹാർട്ട് കോൺഗ്രിഗേഷനിലെ സന്ന്യാസിനികളാണ് ഈ രംഗത്തേക്ക് ആദ്യമെത്തിയത്. പിന്നീട് കർമലീത്താ, ക്ലാര, ആരാധന, സ്നേഹഗിരി, സെന്റ് മർത്താസ് എന്നീ സന്ന്യാസിനീ സമൂഹങ്ങളിലെ സിസ്റ്റേഴ്സിന്റെയും സ്തുത്യർഹ സേവനം ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

2001 ലാണ് പൗരോഹിത്യപരിശീലനത്തിന്റെ ഭാഗമായി റീജന്റ് ബ്രദേഴ്സ് പ്രസിലും ബുക്സ്റ്റാളിലും സേവനമനുഷ്ഠിച്ചുതുടങ്ങിയത്. ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ബ്രദർ ജോസഫ് ഇടാട്ടുകുന്നേൽ ഉൾപ്പെടെ 42 പേരാണ് ഇന്നോളം ഇവിടെ റീജൻസിക്കായി എത്തിയിട്ടുള്ളത്.

മൂന്നര പതിറ്റാണ്ടുകാലം സെന്റ് തോമസ് പ്രസിന്റെ അക്കൗണ്ടന്റായിരുന്ന കെ.റ്റി. തോമസ് ആഴാത്ത്, പിന്നീടു വന്ന ജോസ് ഇരുപ്പക്കാട്ട്, ഫോർമാന്മാരായിരുന്ന റ്റി.റ്റി.കുര്യൻ തെക്കേൽ, പി.പി. പോൾ, ജോസ് കണ്ടനാട്ട് എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്പോൾ അക്കൗണ്ടന്റായി മാത്യു ഇ. എസും, ഫോർമാന്മാരായി ജോഷി ജെ.യു., കെ. എം. ജോർജ് എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

1996 ൽ മാനേജരായിരുന്ന ഫാ. തോമസ് മാടപ്പള്ളിയാണ് കാലാനുസൃതമായ മാറ്റങ്ങളോടെ സെന്റ്തോമസ് പ്രസിനും ബുക്സ്റ്റാളിനും ആധുനികമുഖം നൽകിയത്. ഫാ. സിറിയക് വടക്കേൽ മാനേജരായിരുന്ന കാലത്ത് 2003 ൽ സെന്റ് തോമസ് പ്രസ് അതിന്റെ സുവർണജൂബിലി ആഘോഷിച്ചു.

ഫാ. ജോസഫ് തടത്തിൽ സെന്റ് തോമസ് പ്രസിന്റെ മാനേജരായിരുന്ന കാലത്താണ് പ്രസിന്റെ മൂന്നാംഘട്ടവികസനം നടക്കുന്നത്. അത്യാ



**മോൺ. ജോസഫ് തടത്തിൽ**
പ്രോട്ടോ സിഞ്ചെല്ലൂസ്,
പാലാ രൂപത



**മോൺ. ജോസഫ് മലേപ്പറമ്പിൽ**
സിഞ്ചെല്ലൂസ്,
പാലാ രൂപത



**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**
സിഞ്ചെല്ലൂസ്,
പാലാ രൂപത



**മോൺ. ജോസഫ് കണിയോടിക്കൽ**
സിഞ്ചെല്ലൂസ്,
പാലാ രൂപത



# തോമസ് പ്രസ്

# ഘോഷങ്ങൾ

## തിങ്കൾ 9.30 am.

## ളാലം പഴയപള്ളി പാരീഷ് ഹാൾ



മൾട്ടി കളർ പ്രിന്റിങ് മെഷീൻ



സി.റ്റി.പി. മെഷീൻ



ബൈൻഡിങ് മെഷീൻ

ധുനികസംവിധാനത്തോടെയുള്ള ഫോർ കളർ ഓഫ്സെറ്റ് മെഷീൻ 2014 മേയ് 24 ന് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിക്കുകയും ധനകാര്യമന്ത്രിയായിരുന്ന ശ്രീ കെ. എം. മാണി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. പ്രസ് ബിൽഡിങ്ങിന്റെ മുൻവശം എ.സി.പി. ഉപയോഗിച്ചു മോടിപിടിപ്പിച്ചതും തറയിൽ ടൈൽസിട്ടതും ദീപനാളം ഓഫീസ് നവീകരിച്ചതും തടത്തിലച്ചന്റെ കാലത്താണ്.

2020 ഫെബ്രുവരിയിലാണ് ഞാൻ പ്രസിന്റെ മാനേജരും ദീപനാളത്തിന്റെ മാനേജിങ് ഡയറക്ടറുമായി ചുമതലയേൽക്കുന്നത്. പാലായിൽ ആദ്യമായി സെന്റ് തോമസ് പ്രസിൽ സി.റ്റി.പി. മെഷീൻ പ്രവർത്തനമാരംഭിച്ചത് പുതിയൊരു കാൽവയ്പായിരുന്നു. 2020 നവംബർ 21 ന് പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പുതിയ മെഷീന്റെ ഉദ്ഘാടനവും ആശീർവാദവും നടത്തി. ബിഷപ്പുമാരായ മാർ ജോസഫ് പള്ളിക്കാപറമ്പിലും മാർ ജേക്കബ് മുരിക്കനും സന്നിഹിതരായിരുന്നു.

160 കെ.വി.യുടെ ബൃഹത്തായ ജനറേറ്റർ 2021 ഏപ്രിൽ 30ന് മാർ ജേക്കബ് മുരിക്കൻ വെഞ്ചരിച്ചു. അത്യാധുനിക ഡിജിറ്റൽ ലേസർ പ്രിന്റിങ് മെഷീന്റെ ആശീർവാദകർമം 2022 ഏപ്രിൽ 25ന് മാർ ജേക്കബ് മുരിക്കൻ നിർവഹിച്ചു.

പാലാ സെന്റ് തോമസ് പ്രസിന്റെ ഭാഗമായ 'റിലീജിയസ് ആൻഡ് ഡിവോഷണൽ ആർട്ടിക്കിൾസ് സെന്ററി'ന്റെ നവീകരിച്ച ഷോറൂം 2022 ജൂലൈ 7 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ച് പ്രവർത്തനം ആരംഭിച്ചു.

പയസ് ആർട്ടിക്കിൾസ് സെന്ററിന്റെ മുൻവ

### സപ്തതിയാഘോഷക്കമ്മിറ്റി



**ബ്ര. ജോസഫ് ഇടാട്ടുകുന്നേൽ**
റീജന്റ് ബ്രദർ



**മാത്യു ഇ.എസ്.**
അക്കൗണ്ടന്റ്



**ജോഷി ജെ.യു.**
ഫോർമാൻ



**ജോർജ് കെ.എം.**
ഫോർമാൻ



**ജോജോ ജോസഫ്**
ഓഫീസ് ഇൻ ചാർജ്







## വിശിഷ്ടാതിഥികൾ


**റോഷി അഗസ്റ്റിൻ**
ജലവിഭവവകുപ്പുമന്ത്രി


**ജോസ് കെ. മാണി**
എം.പി.


**മാണി സി. കാപ്പൻ**
എം.എൽ.എ.


**ഡോ. കുര്യാസ് കുമ്പളക്കുഴി**
സാഹിത്യനിരൂപകൻ


**ബിപിൻ ചന്ദ്രൻ**
തിരക്കഥാകൃത്ത്

**Programme**

**2024 ജനുവരി 22 തിങ്കൾ**

9.30 am : **കൃതജ്ഞതാബലി**
11.00 am : **പൊതുസമ്മേളനം**

കാര്യപരിപാടി

രംഗപൂജ
പ്രാർഥനാഗാനം
സ്വാഗതം : **റവ. ഫാ. കുര്യൻ തടത്തിൽ** (മാനേജർ, സെന്റ് തോമസ് പ്രസ്, പാലാ)
അധ്യക്ഷപ്രസംഗം : **മാർ ജോസഫ് കല്ലറങ്ങാട്ട്** (പാലാ രൂപത മെത്രാൻ)
ഉദ്ഘാടനം : **ശ്രീ റോഷി അഗസ്റ്റിൻ** (ജലവിഭവവകുപ്പുമന്ത്രി)
ആശംസകൾ : **ശ്രീ ജോസ് കെ. മാണി എം.പി.**
: **ശ്രീ മാണി സി. കാപ്പൻ എം.എൽ.എ.**
: **മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്** (സിഞ്ചെല്ലൂസ്, പാലാ രൂപത)
: **ഡോ. കുര്യാസ് കുമ്പളക്കുഴി** (സാഹിത്യനിരൂപകൻ)
: **ശ്രീ ബിപിൻ ചന്ദ്രൻ** (തിരക്കഥാകൃത്ത്)
കൃതജ്ഞത
ദേശീയഗാനം

ശത്തെ കരിങ്കൽഭിത്തി നീക്കി പൂർണമായും ഗ്ലാസിട്ടു തുറന്നത് ഏറെ ആകർഷകമാണ്. അമ്പതുകളുടെ ആരംഭത്തിലുള്ള കെട്ടിടം പൊളിക്കുന്നതിന്റെ സങ്കീർണതയും കൊവിഡ് കാലത്തെ പ്രതിസന്ധിയും തരണം ചെയ്താണ് പണികൾ പൂർത്തിയാക്കിയത്. കെട്ടിടത്തിന്റെ ഇരുവശങ്ങളും എ.സി.പി. ഉപയോഗിച്ച് മോടിപിടിപ്പിച്ചതും ഇക്കാലത്താണ്. പ്രസ് ബുക്സ്റ്റാളിൽ സെന്റ് തോമസ് ആർട്ട് ഗാലറി 2023 മേയ് 9 നു പ്രവർത്തനമാരംഭിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട് ഷോറൂമിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ സന്നിഹിതനായിരുന്നു.

വിവിധ തരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. വാട്ടർ കളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പെയിന്റിങ്ങുകളുടെയും പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങളുടെയും ഛായാചിത്രങ്ങളുടെയും പ്രകൃതിദൃശ്യങ്ങളുടെയും സമ്പന്നമായ ശ്രേണി ആർട്ട് ഗാലറിയെ ആകർഷകമാക്കുന്നു. കൂടാതെ, ദൈവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും ആർട്ട് ഗാലറിയിൽ ലഭ്യമാണ്.

പാലാ രൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ 57 വർഷമായി പ്രസിദ്ധീകരിച്ചുവരുന്ന ദീപനാളം കലാസാംസ്കാരിക ദേശീയവാരിക സെന്റ് തോമസ് പ്രസിന്റെ അനുബന്ധപ്രസ്ഥാനമാണ്. പ്രസിദ്ധീകരണരംഗത്ത് അരനൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ദീപനാളം പബ്ലിക്കേഷൻസ് ആധ്യാത്മികവും സാംസ്കാരികവുമായ ഒട്ടേറെ ഗ്രന്ഥങ്ങളുടെ പ്രസാധകരാണ്.

സെന്റ് തോമസ് പ്രസ് ഇന്നു വളർച്ചയുടെ പാതയിലാണ്. അച്ചടി മാധ്യമരംഗത്തെ എല്ലാവിധ ആധുനികസംവിധാനങ്ങളും പ്രസ് കരഗതമാക്കിയിരിക്കുന്നു. മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിങ്, പോസ്റ്റർ ഡിസൈനിങ്, ഡിജിറ്റൽ ലേസർ പ്രിന്റിങ്, പെർഫെക്ട് ആൻഡ് ബോക്സ് ബൈൻഡിങ്, സ്പൈറൽ ബൈൻഡിങ്, ലാമിനേഷൻ, സ്ക്രീൻ പ്രിന്റിങ് തുടങ്ങി എല്ലാവിധ അച്ചടിജോലികളും ഒരു കുടക്കീഴിലെന്നപോലെ ഇവിടെ സാധിക്കുന്നുവെന്നുള്ളത് ഉപഭോക്താക്കൾക്ക് ഒരു വലിയ അനുഗ്രഹമാണ്.

ഇതുകൂടാതെ, ഗ്രാഫിക് ഡിസൈനിങ്, കോമ്പോസിഷൻ, ഫയൽ റീവർക്ക്, കംപ്ലീറ്റ് ബൈൻഡറി, പ്രൊമോ പ്രൊഡക്ട്സ്, ബിസിനസ് കാർഡുകൾ, ബ്രോഷേഴ്സ്, കാർബൺലെസ് ഫോംസ്, ഡിജിറ്റൽ കളർ, ബ്ലാക് ഡിജിറ്റൽ കോപ്പീസ്, ലാർജ് ഫോർമാറ്റ് പ്രിന്റിങ്, ഓഫീസ് ഫോംസ്, കലണ്ടർ, ഡയറി, പോസ്റ്റ് കാർഡ്സ്, ലെറ്റർ ഹെഡ്സ്, ഓഫീസ് സീൽ, വെഡ്ഡിങ് കാർഡ്സ്, ഫോട്ടോസ്റ്റാറ്റ് മുതലായവയും സെന്റ് തോമസ് പ്രസിന്റെ പതിവു സേവനമേഖലയിൽപ്പെടുന്നു. ■















നോവൽ 10

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

ഊഴമെത്തിയപ്പോൾ മൊർദെക്കായിയുമെത്തി. എസ്തേറിൽനിന്ന് ഉപഹാരം സ്വീകരിച്ച ശേഷം മൊർദെക്കായിയും അവളുടെ വലതുകരം ചുംബിച്ചു. അപ്പോൾ രണ്ടുപേരുടെയും മനസ്സു വീർപ്പുമുട്ടി.

മടിയിൽക്കിടന്നു കളിച്ചതും വഴക്കിട്ടോടിയതും തിരികെ ഓടിയെത്തി കവിളിൽ ചുംബിച്ചതും കുഞ്ഞിനെ മാറോടണച്ചു പിടിച്ചു കൊഞ്ചിക്കുന്നതുമെല്ലാമെല്ലാം വളരെപ്പെട്ടെന്ന് ഓർമകളിലൂടെ കടന്നുപോയി, രണ്ടുപേർക്കും.

സമ്മാനവുമായി നടന്നു പോകുമ്പോൾ മൊർദെക്കായിയുടെ തൊണ്ടയിൽ ഒരു തേങ്ങൽ കിടന്നു ഞെരുങ്ങി. അറിയാതെ പൊട്ടിയടർന്ന ചുടുതുള്ളി മാറിൽ വീണു പൊള്ളി.

രാജ്ഞീപദമേറിയെങ്കിലും എസ്തേറിനു മാറ്റമൊന്നും ഉണ്ടായില്ല. വന്നവഴികൾ മറന്നില്ല. കൂടാരവാസികളായ തന്റെ പ്രിയജനങ്ങളെപ്പറ്റി ഓർത്തു.

വളർത്തച്ഛനായ മൊർദെക്കായിയുടെ കാരുണ്യം ദാനം നല്കിയ സൗഭാഗ്യമാണിത്. വളർത്തിയിരുന്ന കാലങ്ങളിൽ എങ്ങനെയായാണോ അതിനെക്കാൾ പതിന്മടങ്ങായി അവൾ മൊർദെക്കായിയെ ഇഷ്ടപ്പെട്ടു, അനുസരണയുള്ള കുഞ്ഞാടിനെപ്പോലെ.

ഒരിക്കൽ പ്രധാനപരിചാരകനായി നിയമിച്ചിരുന്ന ഹഗായിയെ എസ്തേർ മൊർദെക്കായിയുടെ അടുത്തേക്കുവിട്ടു വിളിപ്പിച്ചു. മഹാരാജ്ഞിയുടെ സന്നിധിയിൽ അയാൾ ബഹുമാനപുരസ്സരം നിന്നു. ഉടനെ രാജ്ഞി എല്ലാ പരിചാരകരെയും ദൂരേക്കു മാറ്റി.

എന്നിട്ട് വിചാരപ്പെട്ടു ചോദിച്ചു:

"എന്തിനാണബ്ബാ, എന്റെ മുന്നിൽ ഇങ്ങനെ നിൽക്കുന്നത്?"

എസ്തേർ അയാളെ അബ്ബാ എന്നാണു വിളിച്ചിരുന്നത്.

"ഇത് ആചാരമാണ്. ഞാൻ നിന്റെ ആരാണെന്ന് ഇവിടെ ആരും അറിയാനിടവരുത്."

എസ്തേറിനു വിഷമം തോന്നി.

അവൾ ചുണ്ടുകൾ കടിച്ചു പിടിച്ചു.

"എന്തിനാണ് മോൾ എന്നെ വിളിപ്പിച്ചത്?"

മൊർദെക്കായ് ആരാഞ്ഞു.

"ഉറ്റവരുടെ വിശേഷങ്ങളെങ്കിലും അറിയേണ്ടേ അബ്ബാ."

എസ്തേർ വിങ്ങിപ്പൊട്ടി.

"എല്ലാവർക്കും സുഖമാണ്. നിനക്കിവിടെ സന്തോഷമല്ലേ?"

അവൾ യാന്ത്രികമായി തലയാട്ടി.

"എന്തു സന്തോഷമബ്ബാ. കൂട്ടുകാരെല്ലാം ബുദ്ധിമുട്ടുമ്പോൾ..."

ആ വാചകം പൂർണ്ണമാക്കാൻ മൊർദെക്കായി സമ്മതിച്ചില്ല.

"ഇതു നിന്റെ സൗഭാഗ്യമാണ് മോളെ, നമ്മുടെ കുലത്തിന്റെയും."

സഹജമായ വാത്സല്യംകൊണ്ട് അയാളുടെ വാക്കുകൾ ആർദ്രമായി.

"അബ്ബയെ ഞാൻ എന്നോടൊപ്പം ചേർക്കട്ടെ?"

എസ്തേർ ഒരു കുഞ്ഞിനെപ്പോലെ കെഞ്ചി.

"ഇപ്പോൾത്തന്നെ കൊട്ടാരത്തിൽ പ്രമുഖമായ ഒരു ജോലിയുണ്ട്. മഹാരാജ്ഞി ഇങ്ങനെ ഒരാളോട് കൂടുതൽ ഇഷ്ടം കാണിച്ചാൽ മറ്റുള്ളവർക്കു കണ്ണുകടിയുണ്ടാവും. അതുവേണ്ട..."

മൊർദെക്കായി മനസ്സ് കഠിനമാക്കി, തന്റെ വാക്കുകളും.

അബ്ബയുടെ മുന്നറിയിപ്പ് മനസ്സില്ലാമനസ്സോടെ അവൾ സ്വീകരിച്ചു.

"എന്താവശ്യമുണ്ടായാലും അബ്ബ എന്നോടു ചോദിക്കാതിരിക്കരുത്."

എസ്തേർ മൊർദെക്കായിയുടെ കരംഗ്രഹിച്ചു. പൊള്ളിയതുപോലെ അയാൾ പെട്ടെന്ന് കൈ പിൻവലിച്ചു. മറ്റു പരിചാരകർ ആരെങ്കിലും കണ്ടാൽ കുഴപ്പമാകും.

"ശരി മോളെ..."

അയാൾ പതുക്കെ പിൻവാങ്ങി.

മൊർദെക്കായി പോകുന്നതും നോക്കി അവൾ നിന്നു, പോയ



കാലങ്ങൾ അയവിറക്കിക്കൊണ്ട്.

മഹാരാജാവ് പ്രവിശ്യകളുടെ ചുമതലകൾകൂടി ഏല്പിച്ച ദിവസം ഏറെ സന്തോഷവാനായാണ് ഹാമാൻ വീട്ടിലെത്തിയത്.

"സേരെഷേ... സേരെഷേ...!"

അയാൾ വീട്ടിലേക്കു കടന്നപാടേ പ്രിയപ്പെട്ടവളെ വിളിച്ചു. പരിചാരകന്മാർ അയാളെക്കണ്ടു ബഹുമാനത്തോടെ ഉപചാരം ചെയ്തു.

പുറത്തേക്കിറങ്ങിവരുന്ന സേരെഷിന്റെ മുഖം അത്ര സുഖകരമല്ല. കാറുമൂടിയ ആകാശം പോലെ ഇരിക്കുന്നു.

"നീ അറിഞ്ഞില്ലേ സേരെഷ്. എനിക്കു സ്ഥാനക്കയറ്റം കിട്ടി. ഇതാ ഇന്നുകിട്ടിയ പണക്കിഴിയാണിത്."

പണക്കിഴി ഉയർത്തിപ്പിടിച്ചുകൊണ്ട് അയാൾ അവളെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു.

"ഓ...! എല്ലാം ഞാനറിഞ്ഞു."

യാതൊരു താത്പര്യവും ഇല്ലാത്ത മട്ടിലാണ് സേരെഷ് സംസാരിക്കുന്നത്. അയാളുടെ ഉത്സാഹമെല്ലാം കെട്ടുപോയി.

"മഹാരാജാവിന്റെ സമ്മാനമല്ലേ, നിനക്കെന്താ സന്തോഷമില്ലാത്തത്?"

ഹാമാൻ അദ്ഭുതപ്പെട്ടു.

"വല്ലപ്പോഴും ഇങ്ങനെ കിട്ടുന്ന നക്കാപ്പിച്ചക്കിഴികൊണ്ട് എന്തു കാര്യം?"

അവൾ തുടർന്നു:

"കിട്ടുന്ന ശമ്പളംകൊണ്ടുമാത്രം കഴിഞ്ഞാൽ മതിയോ? പ്രധാനമന്ത്രിയുടെ വീടാണ്. നാട്ടുപ്രമാണിമാർക്കുപോലുമുണ്ടല്ലോ ഇതിനെക്കാൾ നല്ല വീടുകൾ. ഇങ്ങനെ ചെലവു കഴിഞ്ഞുപോയാൽ മതിയോ?"

സേരെഷ് നിന്നു പെയ്യുകയാണ്. ഉള്ളിലുള്ളതെല്ലാം ഒന്നിച്ചു പുറത്തേക്കു തള്ളിവരുന്നു

ഹാമാൻ ഉത്തരമൊന്നും പറഞ്ഞില്ല. ഭാര്യയെ സൂക്ഷിച്ചുനോക്കി. ഇവളെന്താണിങ്ങനെ?

"മക്കള് പത്തുപേരാ. പോത്തുപോലെ വളർന്നു. അവരിങ്ങനെ കളിച്ചും വഴക്കിട്ടും നടന്നാൽ മതിയോ?"

സേരെഷ് ക്രൂരമായി ചോദിച്ചു.

"ഒന്നിനും ഒരു ഉത്തരവാദിത്വമില്ല. ഞാനെന്തു ചെയ്യാനാണ് സേരെഷ്?"

ഹാമാൻ തന്റെ നിസ്സഹായത വെളിപ്പെടുത്തി.

"അതാ പറഞ്ഞത്, ഇപ്പോൾ അതിനുപറ്റിയ സമയമാണ്."

അവൾ വിടുന്ന മട്ടില്ല.

"എന്നു പറഞ്ഞാൽ...?"

"കുന്തം. കാറ്റുള്ളപ്പോൾ പാറ്റണമെന്ന്. നിങ്ങൾ വിചാരിച്ചാൽ അവർക്കെല്ലാം ജോലിയിൽക്കയറാം. ഇപ്പോൾ പ്രവിശ്യകളുടെ അധികാരം കിട്ടിയില്ലേ! മക്കളെ റവന്യൂവകുപ്പിൽ നിയമിച്ചുകൂടെ?"

മക്കൾ ശബ്ദം കേട്ടെത്തി.

മൂത്തവൻ പാർഷൽദാഥാ മുന്നോട്ടു വന്നു.

"അതേ അബ്ബാ. അബ്ബയൊന്നു വിചാരിച്ചാൽ..."

സേരെഷും ഇപ്പോൾ മൂത്തമകനും പറയുന്നത് ഒരേ കാര്യമാണ്. എത്ര വർഷമായി രാജസേവനം ചെയ്യുന്നു. ഇതുവരെ കാര്യമായിട്ടൊന്നും സമ്പാദിച്ചിട്ടില്ല.

സ്ഥാനമാനങ്ങളുടെ വലുപ്പം മാത്രമേയുള്ളൂ. അവൾ പറഞ്ഞതുപോലെ ഈ സ്ഥാനക്കയറ്റം ഒരു ലാഭമാക്കി മാറ്റണം.

"ഞാനൊന്നു ശ്രമിക്കട്ടെ സേരെഷ്."

അയാൾ പറഞ്ഞു.

അതു കേട്ടതേ അവൾ ഹാമാനെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു.

"ഇപ്പോഴാ നിങ്ങൾ കുടുംബം നോക്കുന്ന ഭർത്താവായത്."

പ്രവിശ്യകളുടെ മേൽനോട്ടം ലഭിക്കുകയും മക്കളെ റവന്യൂവകുപ്പിൽ അനധികൃതമായി നിയമിക്കുകയും ചെയ്തപ്പോൾ ഹാമാന്റെ വസതി ഉന്നതമായ അധികാരകേന്ദ്രമായി മാറി.

എല്ലാത്തരം ആവശ്യങ്ങൾക്കുമായി ജനങ്ങൾ അങ്ങോട്ടൊഴുകി. നേരേ പോയാൽ താമസം വരുന്ന കാര്യങ്ങൾ നേരത്തേ നടക്കുവാൻ അതൊരു കൈക്കൂലി പ്രദേശമായി. ഹാമാന് എതിരാളികൾ ആരുമില്ലാതെയായി. എതിർക്കുന്നവരുടെ വായ് മൂടിക്കെട്ടാൻ ഹാമാന്റെ തടിമാടന്മാരായ മക്കളുണ്ട്.

പ്രതിഫലം നൽകിയും ഭയപ്പെടുത്തിയും ഹാമാൻ ജനങ്ങളെ വരുതിയിലാക്കി. രാജാവിനെപ്പോലെ തന്നെയും മറ്റുള്ളവർ ബഹുമാനിക്കണമെന്ന് പണം വന്നു കുമിഞ്ഞുകൂടിയപ്പോൾ ഹാമാനും തോന്നി.

അന്നൊരിക്കൽ ഹാമാൻ രാജകൊട്ടാരത്തിലേക്ക് എത്തുകയാണ്. നാലു കുതിരകൾ വലിക്കുന്ന വലിയൊരു വണ്ടിയിൽ രാജകീയമായ പ്രതാപങ്ങളോടെയാണ് ഇപ്പോഴത്തെ യാത്ര.

വണ്ടി കൊട്ടാരവാതില്ക്കൽ നിർത്തിയശേഷം പൂന്തോട്ടങ്ങൾക്കു നടുവിലൂടെയുള്ള രാജപാതയിലൂടെ നടക്കുമ്പോൾ കൊട്ടാരത്തിന്റെ മതിൽക്കെട്ടിന്റെ കവാടത്തിലും തുടർന്നിങ്ങോട്ട് കൊട്ടാരംവരെയുള്ളിടത്തും കൊട്ടാരവാതുക്കലും വരാന്തകളിലുമെല്ലാം ഉണ്ടായിരുന്ന ജോലിക്കാർ ഹാമാനെക്കണ്ടു വണങ്ങി.

"മഹാമന്ത്രിക്കു വണക്കം."

സേവകർ ഓരോരുത്തരായി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. ഓരോ തലയും കുമ്പിടുമ്പോൾ ഹാമാന്റെ തല കൂടുതൽക്കൂടുതൽ ഉയർന്നു.

അയാൾ കടന്നുപോകുന്ന വാതിലിനടുത്താണ് മൊർദെക്കായി ഇരിക്കുന്നത്. പക്ഷേ, അയാൾ ഹാമാനെ കണ്ടതായി നടിച്ചില്ല, എഴുന്നേറ്റു വന്ദനം പറഞ്ഞുമില്ല.

അപ്പോൾ ഹാമാന്റെ കൂടെയുണ്ടായിരുന്ന പരിചാരകന്മാരിൽ ഒരാൾ പറഞ്ഞു:

"അയാൾ അങ്ങയെ വണങ്ങിയില്ല, ആ യഹൂദൻ."

ഹാമാൻ ഉത്തരമൊന്നും പറഞ്ഞില്ല. അയാളുടെ മനസ്സ് കൂടുതൽ മുറുകിക്കൊണ്ടിരുന്നു.

ശേഷം 17-ാം പേജിൽ

5 ഇസ്രയേലിന്റെ വഴികളിലൂടെ

# അന്നും ഇന്നും രണഭൂമി



തോമസ് കുഴിഞ്ഞാലിൽ

ഗ്വാഗമെലയിലെ ദയനീയപരാജയത്തോടെ പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭരണത്തിലായിരുന്ന തുർക്കി, ഇസ്രയേൽ, ഈജിപ്ത്, ഇറാക്ക്, ഇറാൻ തുടങ്ങി ഇന്ത്യയുടെ പടിഞ്ഞാറേ അതിർത്തിയിലെ ഇൻഡസ് നദിവരെയുള്ള ചെറുതും വലുതുമായ അനേകം രാജ്യങ്ങളുടെ ചോദ്യം ചെയ്യപ്പെടാത്ത ചക്രവർത്തിയായി അലക്സാണ്ടർ ഉയർന്നു. അക്കാലത്തെ അറിയപ്പെടുന്ന പ്രബലമായ രാജ്യങ്ങളായിരുന്നു അവയെല്ലാം. ഇന്ത്യ കീഴടക്കിയ ശേഷം കിഴക്കുള്ള മഹാസമുദ്രംവരെ (പസിഫിക്) എത്തണമെന്ന അതിമോഹവും അലക്സാണ്ടറിനുണ്ടായിരുന്നുവെന്നു പറയപ്പെടുന്നുണ്ട്.

ജറുസലെം ദൈവാലയത്തിൽ പ്രധാന പുരോഹിതനൊപ്പം ബലിയർപ്പിക്കവേ അലക്സാണ്ടറിനുണ്ടായ മറ്റൊരു മോഹത്തെക്കുറിച്ചുള്ള കഥയും പ്രചാരത്തിലുണ്ട്. പരിശുദ്ധവും അതിമനോഹരവുമായ ദൈവാലയത്തിൽ തന്റെ ഒരു പൂർണകായപ്രതിമ സ്ഥാപിക്കണമെന്ന ആഗ്രഹമാണ് പ്രധാനപുരോഹിതനുമായി അദ്ദേഹം പങ്കുവച്ചത്. പ്രധാനപുരോഹിതനായിരുന്ന ജദ്ദൂസ് ഇപ്രകാരം മറുപടി പറഞ്ഞു: ‘‘മഹാരാജാവേ! വെള്ളികൊണ്ടോ സ്വർണംകൊണ്ടോ മണ്ണുകൊണ്ടോ കല്ലുകൊണ്ടോ തടികൊണ്ടോ പ്രതിമകൾ നിർമിക്കരുതെന്നും, അവയുടെ മുൻപിൽ കുമ്പിടരുതെന്നുമുള്ള യഹോവയുടെ കല്പന ലംഘിക്കാൻ ഞങ്ങൾക്കാവില്ല. പകരം, ഈ വർഷം ഞങ്ങൾക്കു ജനിക്കാൻ പോകുന്ന ആൺസന്തതികൾക്ക് അങ്ങയുടെ പേരു നല്കിക്കൊള്ളാം.” പ്രധാന പുരോഹിതന്റെ ഉത്തരം ജാള്യതയോടെ കേട്ടുനിന്ന ഇരുപത്തിനാലുകാരനായ അലക്സാണ്ടർ പ്രധാന പുരോഹിതന്റെ ഇംഗിതത്തിന് അനുമതി നല്കി. (‘അലക്സാണ്ടർ’ എന്ന പേര് യഹൂദരുടെയിടയിൽ സർവസാധാരണമായിരിക്കുന്നത് ഇക്കാരണത്താലാണ്.) യഹൂദജനത്തെ അനുഭാവപൂർവം വീക്ഷിച്ച ചക്രവർത്തി മറ്റൊരാനുകൂല്യംകൂടി അവർക്കനുവദിച്ചു, ഓരോ വർഷവും ഖജനാവിൽ ഒടുക്കേണ്ട കരം ഏഴാം വർഷം ഒഴിവാക്കി അലക്സാണ്ടർ ഉത്തരവിറക്കി. നൂറ്റാണ്ടുകളായി തങ്ങളുടെ പൂർവപിതാക്കന്മാർ പാലിച്ചുപോന്ന മോശയുടെ നിയമങ്ങളും ചട്ടങ്ങളും അതേപടി പിൻചെല്ലാനുള്ള അനുവാദവും കല്പിച്ചുനല്കി.

ഇരുപതാമത്തെ വയസ്സിൽ തുടങ്ങിയ അലക്സാണ്ടറുടെ വിഖ്യാതമായ പടയോട്ടങ്ങൾ ബി സി 326 ൽ ഇൻഡസ് നദിയുടെ കൈവഴിയായ ഹൈഡാസ്പസ് നദിക്കരയിലെ ഘോര യുദ്ധത്തോടെ അവസാനിച്ചു. ഝലം/ചിനാബ് നദികളുടെ ഇടയിലുള്ള പ്രദേശങ്ങളടങ്ങിയ പൗരവരാജ്യം കീഴടക്കാതെ അലക്സാണ്ടറിന് ഇന്ത്യയിലേക്കു കടക്കാനാകുമായിരുന്നില്ല. പൗരവരാജാവായിരുന്ന പോറസിന്റെ (സംസ്കൃതത്തിൽ പുരവരസ്) 20,000 കാലാൾപ്പടയെയും 3,000 അശ്വാരൂഢരെയും 1,000 രഥയോദ്ധാക്കളെയും കൂടാതെ, ശത്രുക്കളെ നേരിടാൻ പ്രത്യേക പരിശീലനം നല്കിയ 200 ആനകളെയും അലക്സാണ്ടറിനു മറികടക്കണമായിരുന്നു. അതിനാൽ, ഒരു യുദ്ധത്തിൽപ്പോലും പരാജയപ്പെടാത്ത അലക്സാണ്ടർ ചക്രവർത്തി ധീരനായ പോറസിനെ തോല്പിക്കാൻ ഏറെ ബുദ്ധിമുട്ടി. 12-ാമത്തെ വയസ്സുമുതൽ അലക്സാണ്ടറോടൊപ്പമുണ്ടായിരുന്ന ബ്യൂസിഫാലസ് എന്ന കുതിര ഹൈഡാസ്പസിലെ യുദ്ധത്തിലാണ് തലയ്ക്കു മാരകമായ പ്രഹരമേറ്റു മരണമടഞ്ഞത്. മാസിഡോണിയമുതൽ ഈജിപ്തും വിശുദ്ധനാടുകളും ഉൾപ്പെടെയുള്ള അനേകം രാജ്യങ്ങൾ കീഴടക്കാൻ തന്നെയും വഹിച്ചുകൊണ്ട് പതിനായിരക്കണക്കിനു കിലോമീറ്ററുകൾ സഞ്ചരിച്ച പ്രിയങ്കരനായ ബ്യൂസിഫാലസിന്റെ വേർപാടിൽ മനംനൊന്ത് അലക്സാണ്ടർ വാവിട്ടുകരഞ്ഞുവെന്നാണു ചരിത്രം. ബ്യൂസിഫാലസിന്റെ നഷ്ടംകൂടാതെ 40,000 സൈനികരിൽ 1,000 പേർ വധിക്കപ്പെടുകയും ചെയ്തു. ബ്യൂസിഫാലസിനെ അടക്കം ചെയ്ത സ്ഥലത്തിന് അവന്റെ പേരു നല്കിയിട്ടാണ് അലക്സാണ്ടർ ബാബിലോണിലേക്കു മടങ്ങിയത്. ഝലം മുതൽ ജമ്മുകഷ്മീരിലെ പൂഞ്ച് വരെയുള്ള പ്രദേശങ്ങളുടെ ഭരണാധികാരിയായി പോറസിനെ നിയമിച്ചശേഷമായിരുന്നു അലക്സാണ്ടറിന്റെ മടക്കം. വർഷങ്ങൾ നീണ്ടുനിന്ന യുദ്ധംമൂലം മനസ്സും ശരീരവും തളർന്ന സൈനികരുടെ നിർബന്ധത്തിന് അലക്സാണ്ടർ വഴങ്ങുകയായിരുന്നു. മടക്കയാത്രയിൽ ടൈഫോയ്ഡ് ബാധിച്ച് രോഗബാധിതനായ അലക്സാണ്ടർ ബി സി 323 ജൂൺ 10-ാം തീയതി ബാബിലോണിൽ അന്തരിച്ചു. വിശ്വസ്തനായ അംഗരക്ഷകൻ പെർഡിക്കാസിന് മുദ്രമോതിരം കൈമാറി തന്റെ പിൻഗാമിയായി നിയോഗിച്ചതിനുശേഷമാണ് അലക്സാണ്ടർ വിടപറഞ്ഞത്. അലക്സാണ്ടറിനു ജനിക്കുന്ന അനന്തരാവകാശി പ്രായപൂർത്തിയാകുംവരെ ഒരു റീജന്റായി ഭരണം നിർവഹിക്കാനായിരുന്നു പെർഡിക്കാസിന്റെ നിയോഗം.

അലക്സാണ്ടർ ചക്രവർത്തിയുടെ പടയോട്ടങ്ങളെയും മരണത്തെയുംകുറിച്ച് മക്കബായരുടെ ഒന്നാം പുസ്തകത്തിൽ വിവരിക്കുന്നുണ്ട്: ഗ്രീസിന്റെ രാജാവായിരുന്ന അലക്സാണ്ടർ, പേർഷ്യയുടെയും മെദിയയുടെയും രാജാവായ ദാരിയൂസിനെ കീഴടക്കി ഭരണം ഏറ്റെടുത്തു. അവൻ നിരവധി യുദ്ധങ്ങൾ ചെയ്തു; കോട്ടകൾ പിടിച്ചടക്കി; രാജാക്കന്മാരെ വധിച്ചു. ഭൂമിയുടെ അതിർത്തികൾ വരെ അവൻ മുന്നേറി. അസംഖ്യം രാജ്യങ്ങൾ കൊള്ളയടിച്ചു. ലോകം മുഴുവൻ തനിക്ക് അധീനമായപ്പോൾ അവൻ അഹങ്കാരോന്മത്തനായി. സുശക്തമായൊരു സൈന്യത്തെ ശേഖരിച്ച് അവൻ രാജ്യങ്ങളുടെയും ജനങ്ങളുടെയും നാടുവാഴികളുടെയുംമേൽ ആധിപത്യം സ്ഥാപിച്ചു. അങ്ങനെയിരിക്കെ അവൻ രോഗബാധിതനായി; മരണം ആസന്നമായെന്ന് അവൻ മനസ്സിലാക്കി. തന്റെ പാർശ്വവർത്തികളായിരുന്ന സേനാധിപന്മാരെ വിളിച്ചുവരുത്തി അവർക്ക് താൻ മരിക്കുന്നതിനുമുമ്പ് അവൻ രാജ്യം വിഭജിച്ചുകൊടുത്തു. സേനാധിപന്മാർ താന്താങ്ങളുടെ പ്രദേശങ്ങളിൽ ഭരണം തുടങ്ങി. അലക്സാണ്ടറുടെ മരണത്തിനുശേഷം അവർ സ്വയം കിരീടം ധരിച്ച് രാജാക്കന്മാരായി (മക്കബായർ 1:1-9). ചക്രവർത്തിയുടെ മരണശേഷം സാമ്രാജ്യം നാലായി വിഭജിക്കപ്പെടുമെന്ന ദാനിയേൽപ്രവാചകന്റെ ദർശനം അങ്ങനെ നിറവേറി: പിന്നെ ശക്തനായൊരു രാജാവു വരും. അവൻ വലിയൊരു സാമ്രാജ്യത്തിന്റെ അധിപനാകും. സ്വേച്ഛാനുസൃതം പ്രവർത്തിക്കുകയും ചെയ്യും. അവൻ ഉച്ചകോടിയിൽ എത്തുമ്പോൾ അവന്റെ സാമ്രാജ്യം തകർന്ന് നാലു കാറ്റുകളിലും ലയിക്കും. അത് അവന്റെ സന്താനങ്ങൾക്കു ലഭിക്കുകയില്ല. അവന്റെ പ്രാബല്യം പിൻഗാമികൾക്ക് ഉണ്ടായിരിക്കുകയില്ല. അവന്റെ സാമ്രാജ്യം പിഴുതെടുത്ത് അന്യർക്കു നല്കപ്പെടും (ദാനിയേൽ 11:3-4).

‘അത് അവന്റെ സന്താനങ്ങൾക്കു ലഭിക്കുകയില്ല’ എന്ന വചനം യാഥാർഥ്യമാകുമാറ് അലക്സാണ്ടറിന്റെ പ്രധാന സേനാധിപന്മാരായ കസ്സാണ്ടർ, ടോളമി, ആന്റിഗോണസ്, സെല്യൂക്കസ് എന്നിവർ യഥാക്രമം മാസിഡോണിയ, ഈജിപ്ത്, ഏഷ്യാമൈനർ, മധ്യേഷ്യ എന്നിവിടങ്ങളിൽ ഭരണാധികാരികളായി. ചക്രവർത്തിയുടെ മരണസമയത്ത് സന്താനങ്ങൾ ജനിച്ചിട്ടില്ലാതിരുന്നത് നാലു സേനാധിപന്മാരെയും പെർഡിക്കാസിനെയും കുഴക്കി. പിന്നീട്, ബാക്ട്റിയ (ഇപ്പോഴത്തെ താജിക്കിസ്ഥാൻ പ്രദേശം) സ്വദേശിനിയായ ഭാര്യ റൊക്സാനയിൽ ജനിച്ച അലക്സാണ്ടർ നാലാമനെയും അവന്റെ അമ്മയെയും കസ്സാണ്ടർ മാസിഡോണിയയിലേക്കു വിളിച്ചവരുത്തി തടവിലാക്കുകയും, ബി സി 309 ൽ കൊലപ്പെടുത്തുകയുമായിരുന്നു. റീജന്റായി സേവനം ചെയ്തിരുന്ന വിശ്വസ്തനായ പെർഡിക്കാസിനെ നേരത്തേ തന്നെ ഇല്ലായ്മ ചെയ്തിരുന്നു.



മഹാനായ അലക്സാണ്ടർ ജറുസലെമിലെ പ്രധാന പുരോഹിതനൊപ്പം

ഈജിപ്തിന്റെ ഭരണാധികാരികളായിരുന്ന ടോളമി രാജവംശവും സെല്യൂസിഡ് സാമ്രാജ്യത്തിലെ രാജാക്കന്മാരും തമ്മിൽ ഇസ്രയേലും യൂദയായും ഉൾപ്പെടെയുള്ള ഭൂപ്രദേശങ്ങൾ കൈവശപ്പെടുത്താനുള്ള ചെറുതും വലുതുമായ ഒൻപതു യുദ്ധങ്ങൾക്കു ചരിത്രം സാക്ഷിയായി. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിലെ 11-ാം അധ്യായം മുഴുവൻ ഈ യുദ്ധങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളാണ്. രണ്ടു രാജവംശങ്ങളും മാറിമാറി ജയപരാജയങ്ങൾ ഏറ്റുവാങ്ങിയ രൂക്ഷമായ ഏറ്റുമുട്ടലുകൾ ഒരു നൂറ്റാണ്ടിലധികം നീണ്ടുനിന്നു. രണ്ടു ശത്രുരാജ്യങ്ങളുടെയും ഇടയിൽകിടന്നു വീർപ്പുമുട്ടിയ യഹൂദജനത്തിന്റെ ദുരിതകാലമായിരുന്നു അത്. (തുടരും)



# പരിവർത്തനത്തിന്റെ പരിമളം പരത്തിയ യുഗപുരുഷൻ

## കുമാരനാശാൻ ഓർമയായിട്ട് ജനുവരി 16 ന് നൂറു വർഷം



മീരാ മുകുന്ദൻ

**പാ**രതന്ത്ര്യത്തിൽനിന്നു സ്വാതന്ത്ര്യത്തിലേക്കുള്ള ധീരപ്രയാണമായാണ് ആശാനെന്ന മനുഷ്യന്റെയും കവിയുടെയും ജീവിതത്തെ സാനുമാഷ് (എം. കെ. സാനു) സൂത്രരൂപത്തിൽ വരച്ചിടുന്നത്. സ്വാതന്ത്ര്യത്തെ ഉപാസിച്ചിരുന്ന ആശാൻ കൃത്രിമമായ ചട്ടക്കൂടുകളിൽ തളയ്ക്കപ്പെട്ട മലയാളകവിതയെ നിറവും തുടിപ്പുമേറിയ ജീവിതത്തിലേക്ക് ഉയർത്തിപ്പിടിക്കുകയായിരുന്നു. എഴുത്തച്ഛനുശേഷം മലയാളസാഹിത്യത്തിലെ മുടിചൂടാമന്നനായ ഏ.ആർ. രാജരാജവർമ്മ വീണപൂവിന്റെ കർത്താവിനെ സ്വാഗതം ചെയ്തപ്പോൾ കുമാരനാശാൻ സ്വാതന്ത്ര്യതൃഷ്ണാപ്രേരിതമായിരുന്ന സമുദായസേവനത്തിലൂടെ സഹൃദയലോകത്തിനു സ്വീകാര്യനായി. ആവേശം കൊള്ളിക്കാൻ, പ്രതിഷേധിക്കാൻ, അഭ്യർഥിക്കാൻ, താക്കീതു നൽകാൻ, ഉപദേശിക്കാൻ, ഉദ്ബോധിപ്പിക്കാൻ സന്നദ്ധമായ ആശാൻകവിതകൾ ദീർഘകാലത്തെ സമുദായസേവനത്തിനിടയിലുണ്ടായ വിവിധാനുഭവങ്ങളുടെ ആകത്തുകയാണ്.

മനുഷ്യാവകാശങ്ങൾ പലതും നിഷേധിക്കപ്പെട്ട, അസ്വാതന്ത്ര്യവും അവമതിയും പൊതുശാപമായിരുന്ന ഒരുകാലത്ത്, സമുദായത്തിലെ താഴേക്കിടയിൽപ്പെട്ട ഒരു കുടുംബത്തിൽ പറയത്തക്ക ധനപുഷ്ടിയൊന്നുമില്ലാത്ത ഒരു ചെറുതരം വർത്തകന്റെ ഒൻപതുമക്കളിലൊരാളായി 1873 ൽ ജനനം. 14-ാം വയസ്സിൽ പഠിച്ച സ്കൂളിൽ അധ്യാപകവൃത്തി. വക്കത്തെ വേലായുധൻനടയിൽ ശാന്തിക്കാരനും അവിടത്തെ കുടിപ്പള്ളിക്കൂടത്തിൽ ആശാനുമായി കഴിഞ്ഞുകൂടി. പ്രായപൂർത്തിയാകുന്നതിനുമുമ്പ് സംസ്കൃതപാണ്ഡിത്യം നേടി.

ഒരു വ്യക്തിയും കവിയുമെന്ന നിലയിൽ ജീവിതത്തെ അടിമുടി സ്വാധീനപ്പെടുത്തിയ ഏറ്റവും മഹത്തായ സംഭവവും അനുഭവവും അദ്ദേഹത്തിന്റെ 'ശ്രീനാരായണ ദർശനം' ഒന്നുമാത്രമാണ്. ആശാന്റെ ഭൗതികവും ആത്മീയവുമായ സമസ്തസമുത്കർഷത്തിനും നാരായവേര് ശ്രീനാരായണനായിരുന്നു. അനന്യസുലഭമായ പ്രതിഭാശക്തിയും അചഞ്ചലമായ ആത്മവിശ്വാസവും അസാമാന്യമായ കർമവൈഭവവും ക്രാന്തദർശിയുമായ ഗുരുസാമീപ്യത്തിൽ ഉലയിലൂതിക്കാച്ചിയ പൊന്നിനോളം തിളക്കമാർന്നു കാണപ്പെട്ടു. കവിസഹജമായ ഭാവചാപല്യങ്ങൾക്കും ഐന്ദ്രിയ സുഖാസക്തിക്കും കടിഞ്ഞാണിട്ട് വികാരവിചാരങ്ങളെ സമുന്നതമണ്ഡലത്തിൽ വ്യാപരിപ്പിക്കുവാൻ സർവഥാ പ്രേരകമായിരുന്നു ആ വിശുദ്ധാന്തരീക്ഷം.

സംസ്കൃതത്തിലെ ന്യായവേദാന്ത - ദിശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടുന്നതിനും ബാംഗ്ലൂരിൽ ഡോക്ടർ പൽപ്പുവിന്റെ ഗൃഹാന്തരീക്ഷത്തിൽ വച്ചാരംഭിച്ച ഇംഗ്ലീഷ്പഠനത്തെ നിരന്തരവും അക്ഷീണവുമായ പ്രയത്നംകൊണ്ടു പരിപോഷിപ്പിച്ച് ഭാഷയ്ക്കുമേൽ ആധിപത്യം സ്ഥാപിക്കാൻ കഴിഞ്ഞു. കാല്പനികപ്രസ്ഥാനത്തിന്റെ നെടുംതൂണുകളായ കീറ്റ്സ്, ഷെല്ലി, ബ്രൗണിങ് തുടങ്ങിയവരുടെ കാവ്യാനുഭൂതിയിൽനിന്ന് ഉദയം ചെയ്ത നൂതനകാവ്യസങ്കല്പം മലയാളകാവ്യശാഖയിൽ പരിവർത്തനത്തിന്റെ പരിമളം പടർത്തി.

ഹൈന്ദവതത്ത്വശാസ്ത്രങ്ങളോടൊപ്പം ബുദ്ധദർശനങ്ങളും ആഴത്തിൽ വേരോടിയ ആശാന്റെ ചിന്താലോകം ആ യുഗപുരുഷന്റെ ക്രാന്തദർശിത്വത്തെയും ജീവിതസന്ദേശത്തെയും കാവ്യഭാവനയിലൂടെ പുനരാഖ്യാനം ചെയ്തതുവഴി, ഹിന്ദുമതത്തിൽ ഇഴുകിപ്പിടിച്ചിരുന്ന സമസ്തമാലിന്യങ്ങളും ശുദ്ധീകരിച്ച് ഹൈന്ദവസമുദായപരിഷ്കരണം നിർവഹിക്കാനാണ് ആശാൻ ഉദ്യമിച്ചത്.

ഭക്തിയും വിഭക്തിയുംമാത്രമല്ല സ്നേഹമാഹാത്മ്യവും സ്വാതന്ത്ര്യബോധവും ആശാന്റെ കവിതകളുടെ മുഖമുദ്രകളാണ്. ആശാന്റെ കാല്പനികകാവ്യങ്ങളെല്ലാം സ്നേഹഭാവാസ്പദങ്ങളായ ജീവിതാഖ്യാനങ്ങളാണ്. ഇടുങ്ങിയ ജാതിമതചിന്തകളുടെ, വരണ്ട ആശയങ്ങളുടെ തടവറയിൽ മുരടിച്ച സാഹിത്യരംഗത്ത് ഒരു കവിയെന്ന നിലയിൽ അനുഭവപ്പെട്ട അസ്വാതന്ത്ര്യം തൂലികത്തുമ്പിലൂടെ കവിഹൃദയത്തിൽനിന്ന് വിശിഷ്ടഗാഥയായി പടർന്നൊഴുകി.

"കാലം വൈകിപ്പോയി, കേവലമാചാര
നൂലുകളെല്ലാം പഴകിപ്പോയി,
കെട്ടിനിർത്തുവാൻ കഴിയാത്ത ദുർബല-
പ്പെട്ട ചരടിൽ ജനത നിൽക്കാം
മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ...

1924 ൽ പ്രസിദ്ധീകരിച്ച കരുണയാണ് ആശാന്റെ അന്തിമകൃതി. ജനുവരി 16 ന് ഒരു പരിപാടിയിൽ പങ്കെടുത്ത് കൊല്ലത്തുനിന്ന് ആലപ്പുഴയ്ക്കുള്ള യാത്രയ്ക്കിടയിൽ അദ്ദേഹം സഞ്ചരിച്ച റെഡിമർ എന്ന ബോട്ട് പല്ലനയാറ്റിൽ മുങ്ങി 51-ാം വയസ്സിൽ ലോകത്തോടു വിടപറയുമ്പോൾ ആശാനവശേഷിപ്പിച്ചത് പോരാട്ടവീര്യത്തിന്റെ കൊടുങ്കാറ്റും 'ദേഹം വെടിഞ്ഞാൽ തീരുന്നല്ലീ പ്രണയ ജടിലം ദേഹീ തനു ദേഹബന്ധം' എന്ന വരികളിൽ ഊറിക്കൂടിയ പ്രണയം ശരീരത്തിലല്ല ആത്മാംശത്തിന്റെ ഭാഗമാണെന്ന സന്ദേശവും ആയിരുന്നു. മലയാളകവിതയിൽ നവീനതയ്ക്കൊപ്പം കാല്പനികതയുടെ വസന്തം തീർത്ത വിപ്ലവവീര്യത്തിന്റെ ദീപ്തസ്മരണകൾ നഷ്ടഘടികാര സൂചികളിലേറി, നൂറ്റാണ്ടിന്റെ ബാഷ്പപുഷ്പമായി നിലകൊള്ളവേ അശ്രുപൂജകൾ, കവിതകളായി ആ പാദാരവിന്ദങ്ങളിൽ നമുക്കു സമർപ്പിക്കണം.

■

---




*15-ാം പേജ് തുടർച്ച*

സേവകരുടെ വന്ദനവാക്കുകൾ ആസ്വദിച്ചുകൊണ്ട് കടന്നുപോയ ഹാമാൻ കണ്ണിൽനിന്നു മറഞ്ഞപ്പോൾ മൊർദെക്കായിയുടെ അടുത്തേക്ക് അയാളോട് ഇഷ്ടമുള്ള ഒരു സേവകൻ ഓടിച്ചെന്നു. കൂടെ മറ്റു കുറച്ചുപേരും.

ആദ്യത്തെയാൾ ഭയത്തോടെ അന്വേഷിച്ചു: "നിനക്കു പേടിയില്ലേ? രാജകോപം നിന്റെമേൽ ഉണ്ടാവില്ലേ?"

"എന്തിന്?"

മൊർദെക്കായ് സേവകന്റെ ചോദ്യം നിസ്സാരമാക്കിക്കളഞ്ഞു.

"പ്രധാനമന്ത്രിയെ വണങ്ങണമെന്ന് രാജകല്പനയുണ്ട്. കല്പന അനുസരിക്കേണ്ടേ?"

അയാളുടെ മുഖത്ത് ഭീതിയുടെ അലകൾ പാഞ്ഞു നടക്കുന്നുണ്ടായിരുന്നു.

"മഹാരാജാവിനെ തെറ്റിദ്ധരിപ്പിച്ചുണ്ടാക്കിയ കല്പനയാണത്."

മൊർദെക്കായി പറഞ്ഞു:

"ദൈവത്തെയും മഹാരാജാവിനെയുംമാത്രമേ ഞാൻ വണങ്ങൂ."

സേവകർ ആരും ഒന്നും പറഞ്ഞില്ല. അവർ തിരിയെപ്പോയി അവരുടെ ജോലികളിൽ മുഴുകി. എന്നാൽ, അക്കൂട്ടത്തിലുണ്ടായിരുന്ന ഒരു ഒറ്റുകാരൻ ഹാമാന്റെ മുന്നിൽ മൊർദെക്കായ് പറഞ്ഞകാര്യം കൂടുതൽ എരിവോടെ വിളമ്പി.

മുള്ളു തറഞ്ഞുകയറിയതുപോലെ ഹാമാന്റെ ഹൃദയം നൊന്തു. രാജകൊട്ടാരത്തിലെ സേവകരെല്ലാവരും കണ്ടുനില്ക്കുമ്പോഴാണ് അങ്ങനെ സംഭവിച്ചത്. ഇനിമുതൽ അവരും മൊർദെക്കായിയെപ്പോലെ പെരുമാറാൻ തുടങ്ങിയാലോ?

പ്രധാനമന്ത്രിയെ ധിക്കരിച്ചവനെ ജോലിയിൽ വച്ചുകൊണ്ടിരിക്കാമോ? പക്ഷേ, ഒരു പ്രധാനജീവനക്കാരനെ പിരിച്ചുവിടാനുള്ള അധികാരം രാജാവിനുമാത്രമേയുള്ളൂ അതിനാൽ, തക്കതായ എന്തെങ്കിലും ആരോപണം ഇവന്റെ പേരിൽ ചുമത്തണം. അങ്ങനെയൊരു കേസുണ്ടാക്കി രാജാവിനെ ബോധ്യപ്പെടുത്തിയാൽ ഈ അപമാനമില്ലാതാക്കാം.

യഹൂദനാണെന്ന അഹങ്കാരമാണവന്. ധിക്കാരികളാണവർ. ആരെയും അനുസരിക്കില്ല. കാനായിൽനിന്നോ ബാബിലോണിൽനിന്നോ ജബൂസിയിൽ (ജെറുസലേമിൽ)നിന്നോ ഓടിപ്പോന്നവരാണ്. രാജാവിന്റെ കൃപകൊണ്ടാണ് ഇവിടെ ജീവിക്കുന്നത്.

ഇവരുടെ പൂർവികൻ അബ്രാഹമാണത്രേ. ഊർ പട്ടണത്തിനു ചുറ്റിലുമാണവർ താമസിച്ചിരുന്നത്. അവിടെനിന്നു കുഞ്ഞുകുട്ടിപരാധീനങ്ങളും ആടുമാടുകളും ഒക്കെയായി കാനായിലെത്തി. ദാരിദ്ര്യത്തിന്റെ പടുകുഴിയിലെത്തിയപ്പോൾ ഈജിപ്തിലേക്കു കുടിയേറി. ഇങ്ങനെ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. എന്നിട്ടും ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് എന്ന ഒരു അഹങ്കാരമാണ്. അവരുടെ ആ വിശ്വാസമാണ് ഐക്യബോധത്തിന്റെ കാരണമെന്നു തോന്നുന്നു. ഈജിപ്തിൽ ഫറവോരാജാക്കന്മാരുടെ കീഴിൽ അടിമകളായി ജീവിച്ചിരുന്നവരാണ്.

അവിടെനിന്നു മോചിപ്പിച്ച് മോശയാണ് അവരെ വീണ്ടും കാനായിൽ എത്തിച്ചത്. പന്ത്രണ്ടു ഗോത്രങ്ങൾ. അബ്രാഹത്തിന്റെ മകനായ യാക്കോബിന്റെ നാലു ഭാര്യമാരുടെ പന്ത്രണ്ടു മക്കളുടെ പേരിൽ.

രൂബൻ, ശിമയോൻ, ലേവി, യഹൂദ, മിസാഖാൻ, സെബൂലൻ, ജോസഫ്, ബെഞ്ചമിൻ, ദാൻ, നഫ്താലി, ഗാദ്, ആഷിർ എന്നിങ്ങനെ പന്ത്രണ്ടു മക്കളുടെ പേരിൽ.

ആദ്യ ആറു പുത്രന്മാർ ലേയുടെയും അടുത്ത രണ്ടുപേർ റാഹേലിന്റെയും, പിന്നെയുള്ള രണ്ടുപേർ ബിൻഹായുടെയും അവസാനത്തെ രണ്ടുപേർ സില്പായുടെയും ആണ്. നാടായനാടുകൾ മാറിമാറിത്താമസിച്ചിട്ടും പല രാജ്യങ്ങളിലായി ചിതറിപ്പോയിട്ടും ഇക്കൂട്ടരുടെ ധാർഷ്ട്യം വിട്ടു മാറിയിട്ടില്ല.

ഈ ജനതയുടെ കഷ്ടപ്പാടുകളിലൂടെ മൊർദെക്കായിയെ ഒരു പാഠം പഠിപ്പിക്കണം. സ്വന്തക്കാർ പീഡനങ്ങൾക്കു വിധേയരാകുന്നതും മരിക്കുന്നതും കണ്ട് ഇയാൾ ഇഞ്ചിഞ്ചായി നീറി ദഹിക്കണം.

(തുടരും)

# കെ.പി. തോമസിന്റെ വഴിയേ മകൾ രജനിയും



സനിൽ പി. തോമസ്

തേഞ്ഞിപ്പലത്തു നടന്ന സംസ്ഥാന സെൻട്രൽ സ്കൂൾ കായികമേളയിൽ മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂൾ ചാമ്പ്യൻമാരായി. എറണാകുളം റവന്യൂജില്ലയെ പ്രതിനിധാനം ചെയ്ത നിർമല സ്കൂളിലെ കുട്ടികൾ ഏഴു സ്വർണവും എട്ടു വെള്ളിയും രണ്ടു വെങ്കലവുമായി 104 പോയിന്റ് കരസ്ഥമാക്കി. ഇനി മൂന്നു വ്യാഴവട്ടം പിന്നിലേക്കൊന്നു നോക്കാം. 1986 – 87 ൽ അരുവിത്തുറയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ കോരുത്തോട് സി.കെ.എം.എച്ച്.എസിന്റെ മികവിൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ല ചാമ്പ്യൻമാരായി. അരുവിത്തുറയിൽ തുടങ്ങിയൊരു കുടുംബചരിത്രം തേഞ്ഞിപ്പലത്ത് ആവർത്തിക്കപ്പെടുകയായിരുന്നു.

കോരുത്തോട് സ്കൂളിനെ സംസ്ഥാനത്തെ ചാംപ്യൻ സ്പോർട്സ് സ്കൂൾ ആക്കിയത് കായികാധ്യാപകൻ കെ.പി. തോമസ് ആണെങ്കിൽ മൂവാറ്റുപുഴസ്കൂളിനെ വിജയകിരീടം ചൂടിച്ചത് കെ.പി. തോമസിന്റെ ഇളയമകൾ രജനി തോമസ് എന്ന കായികാധ്യാപികയും. എം.ജി. സർവകലാശാല ജാവലിൻ ചാമ്പ്യൻ ആയിരുന്ന രജനി മാറാടി ഹോളി ഫാമിലി സ്കൂളിൽ ആയിരുന്നു 11 വർഷം. കഴിഞ്ഞ 12 വർഷമായി മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിലാണ്. ഏഴുവർഷം സഹോദയ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ നിർമല സ്കൂൾ സി. ബി. എസ്. ഇ. ക്ലസ്റ്റർതല സംസ്ഥാനമീറ്റിൽ റണ്ണേഴ്സ് അപ് ആയതിന്റെ തുടർച്ചയായിട്ടാണ് സംസ്ഥാന സെൻട്രൽ സ്കൂൾമീറ്റിൽ കിരീടനേട്ടം സാധ്യമാക്കിയത്.

തേഞ്ഞിപ്പലത്ത് കടുത്ത മത്സരമാണു നടന്നത്. തൃശൂർ റവന്യൂജില്ലയാണു ചാമ്പ്യന്മാർ. തൃശൂർ ജില്ലയിലെ പാറമേക്കാവ് വിദ്യാമന്ദിർ 101 പോയിന്റുമായി തൊട്ടുപിന്നിലെത്തി. കേരള സ്പോർട്സ് കൗൺസിലും കൗൺസിൽ ഓഫ് സി.ബി.എസ്.ഇ. സ്കൂൾസ് കേരളയും സംയുക്തമായി സംഘടിപ്പിച്ചതാണ് സെൻട്രൽ സ്കൂൾ മീറ്റ്.

സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, കേന്ദ്രീയവിദ്യാലയ എന്നിവയിലെ വിദ്യാർഥികൾക്കായി 2018 ലാണ് പ്രത്യേക കായികമേള കേരള സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ തുടങ്ങിയത്. നൂറുകണക്കിനു പബ്ലിക് സ്കൂളുകളിലെ കുട്ടികൾക്ക് ഇത് അവസരംമാത്രമല്ല, ആവേശവുമായി. ഇതിനുമുമ്പ്, 1996 ൽ മരങ്ങാട്ടുപിള്ളിയിലെ ലേബർ ഇന്ത്യ സ്കൂൾ എം.ഡി, രാജേഷ് ജോർജ് കുളങ്ങരയുടെ നേതൃത്വത്തിൽ കോട്ടയത്ത് 'സി.ബി.എസ്.ഇ. അത്‌ലറ്റിക് മീറ്റ്' നടത്തി. ലേബർ ഇന്ത്യ സ്കൂൾ കായികരംഗത്തു കാട്ടിയ മികവിന് അംഗീകാരമായി കേരള സ്പോർട്സ് കൗൺസിൽ അവിടെ ഹോസ്റ്റലും അനുവദിച്ചു. ഇതു വലിയൊരു മാറ്റത്തിനു തുടക്കമായി.

മൂവാറ്റുപുഴ നിർമല സ്കൂളിന്റെ കിരീടനേട്ടം കേരളം മുഴുവൻ ശ്രദ്ധിക്കപ്പെട്ടെങ്കിൽ അതിനു കാരണം അവിടത്തെ കായികാധ്യാപിക രജനി തോമസ്, ദ്രോണാചാര്യ കെ.പി. തോമസിന്റെ പുത്രി ആയതുകൊണ്ടാണ്. കെ.പി. തോമസിന്റെ നേതൃത്വത്തിൽ കോരുത്തോട് സി.കെ.എം.എച്ച്.എസ്. നടത്തിയ കുതിപ്പ് 2003 വരെ നീണ്ടുനിന്നു. 1979 ലാണ് കെ.പി. തോമസ് സൈനികസേവനം മതിയാക്കി കോരുത്തോട് സ്കൂളിൽ കായികാധ്യാപകനായി ചേർന്നത് 87–88 ലും 88–89 ലും പാലായ്ക്കു പിന്നിൽ രണ്ടാമതായ കാഞ്ഞിരപ്പള്ളി 1989–90 ൽ പാലായെ പിന്തള്ളി കിരീടം വീണ്ടെടുത്തപ്പോൾ അവർ നേടിയ 101 പോയിന്റിൽ 51 പോയിന്റ് കോരുത്തോട് സ്കൂളിന്റേതായിരുന്നു.



മോളി ചാക്കോയും സി.എസ്. മുരളീധരനും അഞ്ജു മർക്കോസും (അഞ്ജു ബോബി ജോർജ്) ജിൻസി ഫിലിപ്പും ഒക്കെ കോരുത്തോട്ടുനിന്നു തുടങ്ങി ഇന്ത്യൻ താരങ്ങളായി. കെ.പി. തോമസിന്റെ ശിഷ്യരിൽ ഇരുനൂറോളം പേർക്കാണ് സ്പോർട്സ് ക്വോട്ടായിൽ ജോലി കിട്ടിയത്. കേരളത്തിലെ സ്കൂൾ സ്പോർട്സ് കായികരംഗത്ത് ഒരു വിപ്ലവമായിരുന്നു അത്.

കോരുത്തോടിന്റെ ജൈത്രയാത്ര അവസാനിപ്പിച്ച് 2003 ൽ, കോതമംഗലം രൂപതയ്ക്കു കീഴിലുള്ള സെന്റ് ജോർജ് സ്കൂൾ സംസ്ഥാന സ്കൂൾ കായികമേളയിലെ ചാമ്പ്യൻ സ്കൂളായി. 2018 ൽ തിരുവനന്തപുരത്തു പത്താം കിരീടനേട്ടവുമായാണ് സെന്റ് ജോർജിന്റെ കുട്ടികൾ കായികാധ്യാപകൻ രാജു പോളിനു യാത്രയയപ്പു നൽകിയത്. കോതമംഗലത്തെതന്നെ മാർ ബേസിൽ 2009 മുതൽ പല തവണ ചാമ്പ്യന്മാരായി. തുടർന്ന് കോഴിക്കോട് പുല്ലൂരാംപാറയിലെ സെന്റ് ജോസഫ്സ് സ്കൂൾ (മലബാർ സ്പോർട്സ് അക്കാദമി), പാലക്കാട് പറളി സ്കൂൾ (പറളി അത്‌ലറ്റ്ക് ക്ലബ്) തുടങ്ങിയവയൊക്കെ സംസ്ഥാനസ്കൂൾ കായികമേളയിൽ ഒട്ടേറെ താരങ്ങളെ സൃഷ്ടിച്ചു.

കെ.പി.തോമസ് ഇപ്പോൾ പൂഞ്ഞാർ എസ്.എം.വി.സ്കൂളിൽ കായികപരിശീലകനായുണ്ട്. അദ്ദേഹത്തിന്റെ പുത്രൻ രാജുസ് തോമസ് അവിടെത്തന്നെ കായാകാധ്യാപകനായുണ്ട്. കെ.പി. തോമസിന്റെ മൂത്തപുത്രി രാജി തോമസ് ഗണിതശാസ്ത്രഅധ്യാപികയായി കോരുത്തോട് സി.കെ.എം.എച്ച്.എസിൽ ജോലി നോക്കുന്നു. പാലായുടെ മരുമകൾ ആയ ഒളിമ്പ്യൻ ഷൈനി വിൽസന്റെ പിതൃസഹോദരനാണ് ഇടുക്കി കുരിശിങ്കൽ വീട്ടിൽ കെ. പി. തോമസ്.

കെ.പി. തോമസ് സംസ്ഥാന സ്കൂൾ കായികരംഗത്തു തുടക്കമിട്ട പോരാട്ടം മകൾ രജനിക്കു പബ്ലിക് സ്കൂൾ കായികരംഗത്തു സാധ്യമാകണം. അവിടെയും മത്സരം മുറുകിയാൽ കൂടുതൽ പബ്ലിക് സ്കൂളുകളിൽ കായികരംഗം സജീവമാകും. പബ്ലിക് സ്കൂളുകൾ പണ്ടുമുതൽക്കേ ചെസ്, ബ്രിജ് തുടങ്ങി മൈൻഡ് ഗെയിമുകളിൽ ശ്രദ്ധിക്കുന്നുണ്ട്. ഭാവിയിൽ ഇ–സ്പോർട്സും പ്രചരിക്കും. എന്നാൽ, കായികക്ഷമത പരമപ്രധാനമാണ്. കളിക്കളങ്ങളും അനിവാര്യമാണ്. അത്തരമൊരു സംസ്കാരത്തിലേക്കു പബ്ലിക് സ്കൂളുകൾ മാറിക്കൊണ്ടിരിക്കുകയാണ്.

മരങ്ങാട്ടുപിള്ളി ലേബർ ഇന്ത്യ സ്കൂളിലേതുപോലെ സ്പോർട്സ് ഹോസ്റ്റൽ സാധ്യതകൾ വരുംനാളുകളിൽ പല പബ്ലിക് സ്കൂളിലും ഉരുത്തിരിയും. ഖേലോ ഇന്ത്യ പോലുള്ള പദ്ധതികൾ കൂടുതൽ വ്യാപിക്കുമ്പോൾ പബ്ലിക് സ്കൂളിലെ താരങ്ങൾക്കു മത്സരസാധ്യതയേറും. വിവിധ സ്കൂളുകൾ വ്യത്യസ്തയിനങ്ങളിൽ ശ്രദ്ധയൂന്നിയാൽ അവസരങ്ങൾ ഏറും. വളരാനുള്ള സാധ്യത കൂടും. തൃശൂരിലെയും എറണാകുളത്തെയും സ്കൂളുകൾ തമ്മിലുള്ള മത്സരം വരുംവർഷങ്ങളിൽ കൂടുതൽ വീറുള്ളതാകട്ടെ. ■

# കണക്കിനെ കാവ്യമധുരമാക്കിയ ഗണിതസാഹിത്യസഞ്ചാരി

*13–ാം പേജ് തുടർച്ച*

സംഖ്യയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ ഇല്ലാതാക്കാൻ ഉതകുന്ന വിധത്തിലാണ് ആദ്യഭാഗം തയ്യാറാക്കിയിരിക്കുന്നത്. ഭാരതത്തിലെയും മറ്റു രാജ്യങ്ങളിലെയും സംഖ്യാബോധത്തെക്കുറിച്ച് ഇതിൽ പരാമർശിക്കുന്നു. നൂറാമത്തെ പുസ്തകത്തിന്റെ പേര് 'സെഞ്ചറി' എന്നാണ്. ഗണിതസംബന്ധിയായ നൂറു ലേഖനങ്ങൾ ഇതിൽ ചേർത്തിരിക്കുന്നു. കുസൃതിക്കഥകളുടെ ആഖ്യാനരീതിയിലാണ് ഇവ എഴുതിയിരിക്കുന്നത്. 'അഞ്ചു ഗണിതസംഗമങ്ങൾ' ആദ്യത്തെ ഗണിതനാടകമായിരുന്നു. ഗണിതശാസ്ത്രം നാടകത്തിലൂടെ അവതരിപ്പിക്കുന്നതിലൂടെ വിദ്യാർഥികളിൽ കൂടുതൽ ഗണിതാവബോധം വളർത്താൻ സാധിക്കുമെന്ന ചിന്തയാണ് ഇത്തരമൊരു രചനയ്ക്കു വഴിവച്ചത്. ഗണിതശാസ്ത്രത്തെ ഭാഷകളുമായി ബന്ധപ്പെടുത്തിയാണ് 'അദ്ഭുതഗണിത'മെന്ന നൂറ്റിനാല്പതാമതു പുസ്തകം രചിച്ചത്.

❖ *പുസ്തകരചനയ്ക്കായി കൂടുതൽ സമയം ചെലവഴിക്കുമ്പോൾത്തന്നെ ദൃശ്യമാധ്യമങ്ങളിലും ഗണിതചർച്ചകളുമായി മാഷ് സജീവമാണല്ലോ?*

ദൂരദർശൻ, കൈരളി, ഏഷ്യാനെറ്റ്, സൂര്യ, ജീവൻ, മനോരമ വിഷൻ, കേരളവിഷൻ ചാനലുകളിലും ആകാശവാണിയിലെ വിവിധ നിലയങ്ങളിലും ഗണിതവിജ്ഞാനം അവതരിപ്പിച്ചിരുന്നു. ഗണിതശാസ്ത്രത്തിന്റെ തെളിമയും എളിമയും പ്രചരിപ്പിക്കുക എന്നതുതന്നെയാണ് ഇത്തരം സംവാദങ്ങളിലൂടെ ഞാൻ ലക്ഷ്യമിടുന്നത്. മുഖ്യധാരാമാസികകളിലെല്ലാംതന്നെ ഗണിതസംബന്ധമായ ലേഖനങ്ങൾ തുടർച്ചയായി വരാറുണ്ട്. മനോരമഗ്രൂപ്പിന്റെ പഠിപ്പുര, തൊഴിൽവീഥി, കൈത്തിരി, വനിത, മാതൃഭൂമിയുടെ വിജ്ഞാനരംഗം, തൊഴിൽവാർത്ത, ബാലഭൂമി, ദേശാഭിമാനി, യുറീക്ക, ശാസ്ത്രകേരളം, തളിര്, മയിൽപ്പീലി, സാഹിത്യപോഷിണി, ബാലകൗതുകം, ബാലചന്ദ്രിക, ബാലശലഭം, ശ്രീ മുത്തപ്പൻ എന്നീ പ്രസിദ്ധീകരണങ്ങളിലൂടെ ആയിരത്തോളം ലേഖനങ്ങൾ വായനക്കാരിലേക്കെത്തിയിട്ടുണ്ട്. ഇത്രയും ലേഖനങ്ങളും പുസ്തകങ്ങളും എഴുതിയിട്ടുണ്ടെങ്കിലും വിദ്യാഭ്യാസസിലബസിൽ ഇതിൽനിന്ന് ഒന്നും ഉൾപ്പെടുത്തിയിട്ടില്ലെന്നതും ഒരു നിരാശയായി തോന്നുന്നു. എങ്കിലും അതൊന്നും എഴുത്തിന്റെയോ, ഗവേഷണത്തിന്റെയോ താത്പര്യത്തെ ഇല്ലാതാക്കുന്നില്ല. എഴുതുക, വായിക്കുക, പ്രചരിപ്പിക്കുക എന്നതുമാത്രമാണ് എന്റെ ജീവിതലക്ഷ്യം, അഞ്ചു വയസ്സുള്ളപ്പോൾ അച്ഛൻ നടത്തിയ ഹോട്ടലിൽ കണക്കുനോക്കി നാലണത്തുട്ടു വാങ്ങിയ കൗതുകത്തിൽനിന്നു തുടങ്ങിയ ഗണിതജിജ്ഞാസ എഴുപതുകളിലും തുടരുന്നുവെന്നത് യാദൃച്ഛികം മാത്രമാണ്.

❖ *2016 ഓഗസ്റ്റ് 22 മുതൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണല്ലോ. ആ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടാൻ എന്തെങ്കിലും കാരണമുണ്ടോ?*

വിദ്യാഭ്യാസവകുപ്പിന്റെ അധീനതകളിലുള്ള സംസ്ഥാനഗണിതശാസ്ത്ര അസോസിയേഷന്റെ സെക്രട്ടറിയായി പ്രവർത്തിച്ചതിന്റെ ദീർഘകാലപരിചയമുണ്ട്. കൂടുതൽ വർഷം ആ സ്ഥാനത്തിരിക്കുകയും ചെയ്തു. കൂടാതെ, കണ്ണൂർ ജില്ലാപ്പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള സയൻസ് പാർക്കിന്റെ ഡയറക്ടറുമായിരുന്നു. ഇതിലൊക്കെ ഉപരി 'ജീനിയസ് ബുക്സ്' എന്ന പേരിൽ സ്വന്തമായി ഒരു പുസ്തകപ്രസാധനസംരംഭം വർഷങ്ങളായി നടത്തുന്നുണ്ടായിരുന്നു. എന്റെ മിക്ക പുസ്തകങ്ങളും ജീനിയസ് ബുക്സ് മുഖേനയാണ് പ്രസിദ്ധീകരിച്ചത്. എഴുത്ത്, പ്രൂഫ് റീഡിങ്, സെറ്റിങ്സ്, പബ്ലിക്കേഷൻ എന്നീ കാര്യങ്ങളെല്ലാം എനിക്കു വശമുള്ളത് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ എന്നെ പ്രാപ്തനാക്കിയിട്ടുണ്ടാവാം.

തന്റെ കണക്കിന്റെ യാത്ര തുടരുമ്പോൾ, ലഭിച്ചിരിക്കുന്ന പുരസ്കാരങ്ങളും അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ എണ്ണത്തിനൊപ്പം വരും. ഭാരത് എക്സലൻസ് അവാർഡ്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ശാസ്ത്രഗ്രന്ഥത്തിനുള്ള അവാർഡ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനികകൃതിക്കുള്ള അവാർഡ്, ഗണിതവിജ്ഞാനരംഗത്തെ സംഭാവനയ്ക്കു ഭീമ അവാർഡ്, കേരള സാഹിത്യ അക്കാദമിയുടെ എൻഡോവ്മെന്റ് അവാർഡ്, സംസ്ഥാന അധ്യാപക അവാർഡ്, സംസ്ഥാ നവിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംസ്ഥാന ഗണിതശാസ്ത്ര പഠനോപകരണ നിർമാണമത്സരത്തിൽ പ്രത്യേക പുരസ്കാരം എന്നിവ അതിൽ ചിലത്. CCRT ഓറിയന്റേഷൻ കോഴ്സും NCERT റിസോഴ്സ് പേഴ്സൺ ട്രെയിനിങ്ങും പൂർത്തീകരിച്ച ഇദ്ദേഹം എഴുത്തിന്റെ പണിപ്പുരയിൽ എന്നും സജീവമാണ്. അടുത്ത പരിപാടി എന്ത് എന്ന് ആരു ചോദിച്ചാലും 'എഴുതുക, എഴുതികൊണ്ടേയിരിക്കുക' എന്ന് മനസ്സിൽനിന്നുതൊട്ട ചിരിയുമായി പള്ളിയറ മാഷ് പറയും. അങ്ങനെ എഴുത്തു തുടരട്ടെ. ഇനിയും കണക്കിന്റെ കാണാപ്പുറങ്ങൾ അദ്ദേഹത്തിലൂടെ പ്രസിദ്ധീകൃതമാവട്ടെ. ■

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

റൂബി ജൂബിലി നിറവിൽ

കേന്ദ്ര ഗവൺമെന്റ് അവാർഡ് 2016

# അഡാർട്ട് – പാലാ

സംസ്ഥാന അവാർഡ് 2013

## ലഹരിവിമോചനപുനരധിവാസകേന്ദ്രം

(Sponsored by Govt. of India)

( പാലാ – രാമപുരം റൂട്ടിൽ, സിവിൽസ്റ്റേഷനിൽനിന്നും 300 മീറ്റർ ) Phone: 9446376720

▲ 1984 ഓഗസ്റ്റ് 15 – ന് സ്ഥാപിതം ▲ പാർശ്വഫലങ്ങളില്ലാത്ത ചികിത്സ ▲ ക്ലാസ്സുകൾ, കൗൺസെലിംഗ് , പ്രാർത്ഥന, ധ്യാനം, യോഗ, എ.എ. കൂട്ടായ്മ ▲ 31 ദിവസത്തെ ചിട്ടയായ ജീവിതശൈലിയിലൂടെ മദ്യവിമുക്തജീവിതം ▲ കേന്ദ്ര – ഗവ. കീഴിൽ സൗജന്യചികിത്സ ▲ ആദ്യത്തെ ഏതാനും ദിവസങ്ങൾ അടുത്ത കുടുംബാംഗങ്ങൾ കൂടെ താമസിക്കണം ▲ ഫിസിഷ്യൻ, സൈക്യാട്രിസ്റ്റ്, ബഹു. വൈദികർ, കൗൺസിലേഴ്സ്, സോഷ്യൽ വർക്കേഴ്സ്, യോഗാ, തെറാപ്പിസ്റ്റ്, എ.എ. അംഗങ്ങൾ എന്നിവരടങ്ങുന്ന ടീം നേതൃത്വം വഹിക്കുന്നു. ▲ 9 am മുതൽ 5 pm വരെയും അഡ്മിഷൻ.

ഒരു പാലാ രൂപത സംരംഭം

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

PROVINCIAL SUPERIOR

# Vincentian Congregation



## ST. JOSEPH PROVINCIAL HOUSE KOTTAYAM



St. Vincent de paul

*N.B.* വിൻസെൻഷ്യൻ സഭയിൽ ചേരാനാഗ്രഹിക്കുന്ന യുവാക്കൾക്കു സ്വാഗതം. കൂടുതൽ വിവരങ്ങൾക്ക് :

Vocation Promoter, Vincentian Minor Seminary, Chethimattom, Pala-686 575, Mob: 9836577818

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

Mother Superior & Community

# ASSUMPTION CONVENT & HOSTEL



ARUNAPURAM - PALA

Phone: 04822-212403, 9188752245

സെന്റ് തോമസ് പ്രസിന് സപ്തതി ആശംസകൾ

# വൈപ്പന ദന്താശുപത്രി, പാലാ

PHONE : 04822-212015 (Off.), 205168, 205282 (Res.)

WORKING TIME 9.00 AM - 12.30 PM

DR. ALEX ABRAHAM BSc. B.D.S.
Dr. Mrs. THRESIAMMA ALEX B.D.S.
Dr. Joseph Sebastian B.D.S.; M.D.S. (Ortho)

ആശംസകൾ

# ഫാത്തിമ ഐ ഹോസ്പിറ്റൽ

Fathima EYE CARE GROUP

പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്, **പാലാ** 7025927280

ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി

**തിമിരം** വെറും 10 മിനിറ്റിൽ സുഖപ്പെടുത്തുന്നു

ഹൈടെക് തിമിരശസ്ത്രക്രിയ

കുത്തിവയ്പില്ല, വേദനയില്ല, വിശ്രമം ആവശ്യമില്ല.







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org